# മൂപ്പന്മാർക്കും ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

2025 ഏപ്രിൽ

## പൊതുവിഷയം:

## ഒരുമനസ്സും പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും

ദൂത് മൂന്ന്

### കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ശക്തിയുടെ മൂന്ന് സാരാംശങ്ങളാൽ— പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലും— ഒരുമനസ്സ് നിലനിർത്തുന്നു

RA *Hymns*: ML110, ML453

തിരുവെഴുത്ത് വായന: പ്രവൃ. 1:8, 14; 4:24-31; 6:4, 7; 12:24; 19:20

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 4:24 അവർ ഇത് കേട്ടപ്പോൾ, ഒരുമനസ്സോടെ ദൈവത്തോട് തങ്ങളുടെ ശബ്ദം ഉയർത്തി പറഞ്ഞു, സർവാധികാരിയായ യജമാനനേ, ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ നീ ആകുന്നു,

പ്രവൃ. 4:25 നീ പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ പിതാവായ, നിന്റെ ദാസനായ ദാവീദിന്റെ വായിലൂടെ, "ജാതികൾ രോഷംകൊണ്ടതും ജനങ്ങൾ വ്യഥാവായ കാര്യങ്ങൾ പദ്ധതിയിട്ടതും എന്തിന്?

പ്രവൃ. 4:26 ഭൂമിയിലെ രാജാക്കന്മാർ തങ്ങളെത്തന്നെ അണിനിരത്തുകയും, അധിപന്മാരെ കർത്താവിനും അവന്റെ ക്രിസ്തുവിനും എതിരായി ഒരുമിച്ചു കൂട്ടിവരുത്തുകയും ചെയ്തു" എന്ന് അരുളിച്ചെയ്തിരിക്കുന്നുവല്ലോ.

പ്രവൃ. 4:27 എന്തെന്നാൽ സത്യമായും ഈ പട്ടണത്തിൽ നീ അഭിഷേകം ചെയ്ത, നിന്റെ വിശുദ്ധ ദാസനായ യേശുവിന് എതിരായി, ഹെരോദാവും പൊന്തിയൊസ്

പീലാത്തൊസും, ജാതികളോടും യിസ്രായേൽ ജനത്തോടുംകൂടെ ഒന്നിച്ചു കൂടി,

പ്രവൃ. 4:28 സംഭവിക്കണം എന്ന് നിന്റെ കരവും നിന്റെ ആലോചനയും മുൻനിർണയിച്ചത് ചെയ്യുവാൻ തന്നെ.

പ്രവൃ. 4:29 ഇപ്പോഴോ, കർത്താവേ, അവരുടെ ഭീഷണികളിന്മേൽ നോക്കി, നിന്റെ അടിമകൾക്ക് സകല ധൈര്യത്തോടുംകൂടി നിന്റെ വചനം സംസാരിക്കുവാൻ ഇടയാക്കേണമേ,

പ്രവൃ. 4:30 സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുമ്പോൾ, നിന്റെ വിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിലൂടെ അടയാളങ്ങളും അത്ഭുതങ്ങളും നടക്കേണ്ടതിനു തന്നെ.

പ്രവൃ. 4:31 അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

പ്രവൃ. 6:7 ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

**I. ദൈവത്തിന്റെ നീക്കത്തിനായി പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലും നമുക്ക് ഒരുമനസ്സ് നിലനിർത്തുവാൻ കഴിയും; നാം വചനത്തിൽ അധ്വാനിക്കുന്നവരും, പ്രാർഥനയിൽ അധ്വാനിക്കുന്നവരും, പരിശുദ്ധാത്മാവുമായി ഇടപെടുന്നതിൽ ഉത്സാഹമുള്ളവരും ആയിരിക്കണം:**

A. പ്രാർഥനയും, ആത്മാവും, വചനവുമാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ശക്തിയുടെ മൂന്ന് സാരാംശങ്ങൾ—പ്രവൃ. 1:8, 14; 4:31; 6:4, 7; 12:24; 19:20.

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 1:14 ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 4:31 അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ

ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

പ്രവൃ. 6:7 ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

B. വചനം പ്രചരിപ്പിക്കുവാനുള്ള ശക്തിയായി നമുക്ക് ആത്മാവ് ഉണ്ടായിരിക്കുവാൻ നാം പ്രാർഥിക്കണം—6:7; 12:24; 19:20; പ്ര.നി. 1 തിമൊ. 5:17-18:

പ്രവൃ. 6:7 ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

1 തിമൊ. 5:17 നന്നായി നേതൃത്വമെടുക്കുന്ന മൂപ്പന്മാർ, വിശേഷാൽ വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്നവർ ഇരട്ടി മാനത്തിന് യോഗ്യരായി എണ്ണപ്പെടട്ടെ.

1 തിമൊ. 5:18 “ധാന്യം മെതിക്കുന്ന കാളയ്ക്ക് നീ വായ്പ്പൂട്ട് ഇടരുത്” എന്നും “വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ” എന്നും തിരുവെഴുത്ത് പറയുന്നുവല്ലോ.

1. നാം വിശുദ്ധ വചനത്താൽ നമ്മെത്തന്നെ സാന്ദ്രീകരിക്കുകയും, സംരചിക്കുകയും, കുതിർക്കുകയുംപോലും വേണം; സുവിശേഷം പ്രസംഗിക്കുവാൻ നമുക്ക് ഭാരമുണ്ടെങ്കിൽ, നാം വചനത്തിലേക്ക് കടക്കുകയും, വചനം അറിയുന്ന വ്യക്തികളായിരിക്കുകയും വേണം—കൊലൊ. 3:16.

   കൊലൊ. 3:16 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ.

2. ഉള്ളിലും പുറമെയും, സാരാംശാപരമായും വ്യവസ്ഥാപരമായും ആത്മാവിനാൽ നിറഞ്ഞ ശക്തിയുള്ള വ്യക്തികളായിത്തീരുവാൻ

നമ്മുടെ മുഴുവൻ ആളത്തത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരാനും, അവനാൽ ഇടപെടൽ പ്രാപിക്കുവാനും നാം കർത്താവിനോട് ആവശ്യപ്പെടണം—എഫെ. 5:18; പ്രവൃ. 2:38; 5:32; 4:8, 31; 13:9, 52.

| | |
|---|---|
| എഫെ. 5:18 | വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ, |
| പ്രവൃ. 2:38 | പത്രൊസ് അവരോടു പറഞ്ഞു, മാനസാന്തരപ്പെടുകയും നിങ്ങളുടെ പാപങ്ങളുടെ ക്ഷമയ്ക്കായി ഓരോരുത്തനും യേശു ക്രിസ്തുവിന്റെ, നാമത്തിന്മേൽ സ്നാനപ്പെടുകയും ചെയ്യുവിൻ, നിങ്ങൾക്ക് പരിശുദ്ധാത്മാവ് എന്ന ഉപഹാരം ലഭിക്കും. |
| പ്രവൃ. 5:32 | ഞങ്ങളും, അതുപോലെ ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയിരിക്കുന്ന പരിശുദ്ധാത്മാവും, ഈ കാര്യങ്ങൾക്ക് സാക്ഷികൾ ആകുന്നു. |
| പ്രവൃ. 4:8 | അപ്പോൾ പത്രൊസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി അവരോട് പറഞ്ഞു, ജനത്തിന്റെ പ്രമാണിമാരും മൂപ്പന്മാരുമേ, |
| പ്രവൃ. 4:31 | അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു. |
| പ്രവൃ. 13:9 | എന്നാൽ പൗലൊസ് കൂടിയായ ശൗൽ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവനെ സൂക്ഷിച്ചു നോക്കിയിട്ട്, |
| പ്രവൃ. 13:52 | ശിഷ്യന്മാരോ സന്തോഷത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു. |

C. ഈ ഭൂമിയിൽ കർത്താവിന്റെ നീക്കം നിർവഹിക്കുവാൻ ആദിമ ശിഷ്യന്മാർക്ക് വ്യത്യസ്ത രീതികളോ, മുഖാന്തരങ്ങളോ, മാർഗങ്ങളോ, പദാർഥങ്ങളോ ഉണ്ടായിരുന്നെങ്കിൽ, അവർക്ക് ഒരുമനസ്സ് നിലനിർത്തുവാൻ കഴിയുമായിരുന്നില്ല; നിസ്തുലമായ ഒരുമനസ്സ് നിലനിർത്തുന്നതിന്, നാമെല്ലാവരും ഒരേ രീതിയിൽ ഒരേ കാര്യം ചെയ്യുവാൻ പഠിക്കണം—1:14; 4:31.

| | |
|---|---|
| പ്രവൃ. 1:14 | ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു. |
| പ്രവൃ. 4:31 | അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും |

പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

D. പ്രാർഥന, ആത്മാവ്, വചനം എന്നിവയല്ലാതെ മറ്റൊരു മാർഗം എടുക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കരുത്; മറ്റേതൊരു രീതിയും വിയോജിപ്പിനും ഭിന്നതയ്ക്കും കാരണമാകും.

## II. വചനത്തിലൂടെയുള്ള വിശുദ്ധീകരണം ഭിന്നതയുടെ ഘടകങ്ങളോട് ഇടപെടുന്നതിലൂടെ ഒരുമയിൽ പരിണമിക്കുന്നു; സത്യം വിശുദ്ധീകരിക്കുകയും, വിശുദ്ധീകരണം ഒരുമയിൽ പരിണമിക്കുകയും ചെയ്യുന്നു—യോഹ. 17:14-24:

യോഹ. 17:14 നിന്റെ വചനം ഞാൻ അവർക്കു നൽകിയിരിക്കുന്നു, ഞാൻ ലോകത്തിൽ നിന്നല്ലാത്തതുപോലെ അവരും ലോകത്തിൽ നിന്നല്ലാത്തതു കൊണ്ട്, ലോകം അവരെ വെറുത്തിരിക്കുന്നു.

യോഹ. 17:15 ലോകത്തിൽനിന്ന് അവരെ എടുത്തുമാറ്റണമെന്നല്ല, ദുഷ്ടന്റെ കരങ്ങളിൽനിന്ന് അവരെ സൂക്ഷിക്കണമെന്നത്രേ ഞാൻ നിന്നോട് അപേക്ഷിക്കുന്നത്.

യോഹ. 17:16 ഞാൻ ലോകത്തിൽ നിന്നല്ലാത്തതുപോലെ, അവരും ലോകത്തിൽ നിന്നല്ല.

യോഹ. 17:17 സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു.

യോഹ. 17:18 നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു.

യോഹ. 17:19 അവരും തങ്ങളെത്തന്നെ സത്യത്തിൽ വിശുദ്ധീകരിക്കേണ്ടതിന്, അവർ നിമിത്തം ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.

യോഹ. 17:20 ഞാൻ ഇവരെ സംബന്ധിച്ച് മാത്രമല്ല, എന്നാൽ അവരുടെ വാക്കിലൂടെ എന്നിലേക്കു വിശ്വസിക്കുന്നവരെ സംബന്ധിച്ചും അപേക്ഷിക്കുന്നു,

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു

എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

യോഹ. 17:24 ലോകസ്ഥാപനത്തിനു മുമ്പേ നീ എന്നെ സ്നേഹിച്ചതുകൊണ്ട്, പിതാവേ, നീ എനിക്കു നൽകിയിരിക്കുന്ന എന്റെ തേജസ്സ് അവർ കാണേണ്ടതിന്, നീ എനിക്കു നൽകിയവരെക്കുറിച്ച്, ഞാൻ ആയിരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ആയിരിക്കേണ്ടതിനു ഞാൻ വാഞ്ഛിക്കുന്നു.

A. വിശുദ്ധീകരിക്കുന്ന വചനവും, വിശുദ്ധീകരിക്കുന്ന ആത്മാവും, വിശുദ്ധീകരിക്കുന്ന ജീവനും, വിശുദ്ധീകരിക്കുന്ന ദൈവവുമെല്ലാം ഒന്നാണ്; അതുകൊണ്ട്, നാം വിശുദ്ധീകരിക്കപ്പെടുന്നുവെങ്കിൽ, ഭിന്നതയുടെ എല്ലാ ഘടകങ്ങളും എടുത്തുകളയപ്പെടുന്നതുകൊണ്ട് നാം സ്വതേ ഒന്നാണ്.

B. യോഹന്നാൻ 17:17-23-ലെ ഈ വിശുദ്ധീകരണം നമ്മെ ത്രിയേക ദൈവത്തിൽ സൂക്ഷിക്കുന്നതുകൊണ്ട് വിശുദ്ധീകരണം യഥാർഥ ഒരുമയിൽ പരിണമിക്കുന്നുവെന്ന് നാം കാണുന്നു; വാക്യം 21 പറയുന്നു: “അവർ ഇല്ലാവരും ഒന്നാകേണ്ടതിന് പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ”:

യോഹ. 17:17 സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു.

യോഹ. 17:18 നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു.

യോഹ. 17:19 അവരും തങ്ങളെത്തന്നെ സത്യത്തിൽ വിശുദ്ധീകരിക്കേണ്ടതിന്, അവർ നിമിത്തം ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.

യോഹ. 17:20 ഞാൻ ഇവരെ സംബന്ധിച്ച് മാത്രമല്ല, എന്നാൽ അവരുടെ വാക്കിലൂടെ എന്നിലേക്കു വിശ്വസിക്കുന്നവരെ സംബന്ധിച്ചും അപേക്ഷിക്കുന്നു,

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ

സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

1. ഒന്നായിരിക്കണമെങ്കിൽ, നാം “നമ്മിൽ”, അതായത് ത്രിയേക ദൈവത്തിൽ ആയിരിക്കണം.
2. ത്രിയേക ദൈവത്തിലായിരിക്കാനുള്ള ഏക മാർഗം, ഭിന്നതയുടെ എല്ലാ ഘടകങ്ങളോടും ഇടപെടുന്ന വിശുദ്ധീകരിക്കുന്ന സത്യത്താലാണ്.
3. ത്രിയേക ദൈവത്തിൽ കാക്കപ്പെടുന്നതിലൂടെ, നാം ഒന്നാണ്, എന്നാൽ നാം ത്രിയേക ദൈവത്തിൽനിന്ന് പുറത്താകുമ്പോഴെല്ലാം, നാം ഉടനെ വിഭജിക്കപ്പെടുന്നു.
4. എല്ലാ പ്രഭാതത്തിലും രാവിലെ നാം കർത്താവിനെ ബന്ധപ്പെടുകയും, ജീവനുള്ള വചനത്തെ സ്പർശിക്കുകയും, നമ്മുടെ ആളത്തത്തിലേക്ക് ദിവ്യ യാഥാർഥ്യം സന്നിവേശിപ്പിക്കപ്പെടുകയും വേണം; ഈ വിധത്തിൽ നാം കർത്താവിനെ ബന്ധപ്പെടുമ്പോൾ, ഭിന്നതയുടെ ഘടകങ്ങളെ ജയിക്കുന്നു.
5. വിശുദ്ധീകരിക്കുന്ന സത്യത്താൽ നമ്മിലുള്ള ഭിന്നതയുടെ ഘടകങ്ങൾ മരണത്തിനേല്പിക്കപ്പെടുമ്പോൾ, നാം യഥാർഥ ഒരുമയിലേക്ക് കൊണ്ടുവരപ്പെടുന്നു, കാരണം വിശുദ്ധീകരണം നമ്മെ ത്രിയേക ദൈവത്തിൽ കാക്കുന്നു.
6. സത്യവചനം മുഖാന്തരമുള്ള വിശുദ്ധീകരണം ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരുമയിൽ പരിണമിക്കുന്നു, അത് ത്രിയേക ദൈവത്തിന്റെ വിപുലമാക്കപ്പെട്ട ഒരുമയാണ്—വാ. 21.

| | |
|---|---|
| യോഹ. 17:21 | നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ. |

C. വിഭജനത്തിന് നാല് ഘടകങ്ങളുണ്ട്:

1. ഈ ഘടകങ്ങളിൽ ഒന്നാമത്തേത് ലൗകികതയാണ്; ഒരു പ്രത്യേക വശത്തിൽ നാം ലോകത്തെ സ്നേഹിക്കുന്നിടത്തോളം ലൗകികതയുടെ ആ വശം വിഭജനത്തിന് കാരണമായിത്തീരുന്നു—വാ. 14-16, 18; 1 യോഹ. 2:15-17; 5:19.

| | |
|---|---|
| യോഹ. 17:14 | നിന്റെ വചനം ഞാൻ അവർക്കു നൽകിയിരിക്കുന്നു, ഞാൻ ലോകത്തിൽ നിന്നല്ലാത്തതുപോലെ അവരും ലോകത്തിൽ നിന്നല്ലാത്തതു കൊണ്ട്, ലോകം അവരെ വെറുത്തിരിക്കുന്നു. |
| യോഹ. 17:15 | ലോകത്തിൽനിന്ന് അവരെ എടുത്തുമാറ്റണമെന്നല്ല, ദുഷ്ടന്റെ കരങ്ങളിൽനിന്ന് അവരെ |

| | |
|---|---|
| | സൂക്ഷിക്കണമെന്നത്രേ ഞാൻ നിന്നോട് അപേക്ഷിക്കുന്നത്. |
| യോഹ. 17:16 | ഞാൻ ലോകത്തിൽ നിന്നല്ലാത്തതുപോലെ, അവരും ലോകത്തിൽ നിന്നല്ല. |
| യോഹ. 17:18 | നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു. |
| 1 യോഹ. 2:15 | ലോകത്തെയും ലോകത്തിലുള്ള കാര്യങ്ങളെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവനിൽ പിതാവിനോടുള്ള സ്നേഹം ഇല്ല; |
| 1 യോഹ. 2:16 | എന്തുകൊണ്ടെന്നാൽ ലോകത്തിലുള്ള സകലവും, ജഡമോഹവും കൺമോഹവും ജീവിതത്തിന്റെ വ്യർഥപ്രതാപവും, പിതാവിൽനിന്നല്ല ലോകത്തിൽനിന്നത്രേ ആകുന്നു. |
| 1 യോഹ. 2:17 | ലോകവും അതിന്റെ മോഹവും നീങ്ങിപ്പോകുന്നു, എന്നാൽ ദൈവഹിതം ചെയ്യുന്നവൻ എന്നേക്കും നിലനിൽക്കുന്നു. |
| 1 യോഹ. 5:19 | നാം ദൈവത്തിൽനിന്നുള്ളവരെന്നും സർവലോകവും ദുഷ്ടനിൽ കിടക്കുന്നു എന്നും നാം അറിയുന്നു. |

2. വിഭജനത്തിന്റെ മറ്റൊരു കാരണം അതിമോഹമാണ്; വചനത്തിലൂടെ നാം കർത്താവിനെ ബന്ധപ്പെടുകയും അവനെത്തന്നെ നമ്മിലേക്ക് സന്നിവേശിപ്പിക്കുവാൻ അവനെ അനുവദിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ ആളത്തത്തിലേക്ക് അങ്ങനെ പകരപ്പെട്ട സത്യം നമ്മുടെ അതിമോഹത്തെ കൊല്ലുന്നു—പ്ര.നി. യെശ. 14:13.

| | |
|---|---|
| യെശ. 14:13 | "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; |

3. വിഭജനത്തിന്റെ മൂന്നാമത്തെ കാരണം സ്വയ-മഹത്വീകരണമാണ്; നാം ആരുമല്ലാത്തവരായിരിക്കുവാനും (nobody) സാർവത്രികമായി സർവാത്മകതയുള്ളവനായ ക്രിസ്തുവിനെ മാത്രം ആരെങ്കിലുമായി (Somebody) ഉയർത്തുവാനും മനസ്സുള്ളവരായിരിക്കണം—കൊലൊ. 1:18; 2 കൊരി. 4:5; 3 യോഹ. 9-11.

| | |
|---|---|
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| 2 കൊരി. 4:5 | എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്. |

3 യോഹ. 1:9 ഞാൻ സഭയ്ക്ക് ഒന്നെഴുതിയിരുന്നു, എന്നാൽ അവരുടെ ഇടയിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ കൈക്കൊള്ളുന്നില്ല.

3 യോഹ. 1:10 ഇക്കാരണത്താൽ, ഞാൻ വന്നാൽ, ഞങ്ങൾക്കെതിരെ ദുഷ്ട വാക്കുകൾ പുലമ്പിക്കൊണ്ട് അവൻ ചെയ്യുന്ന വേലയെ ഞാൻ ഓർമപ്പെടുത്തും; ഇവ പോരാഞ്ഞിട്ട്, അവൻ താൻതന്നെ സഹോദരന്മാരെ കൈക്കൊള്ളുന്നുമില്ല, കൈക്കൊള്ളുവാൻ ഇച്ഛിക്കുന്നവരെ വിലക്കുകയും സഭയിൽനിന്ന് പുറത്താക്കുകയും ചെയ്യുന്നു.

3 യോഹ. 1:11 പ്രിയനേ, തിന്മയല്ല, നന്മ അനുകരിക്കുക. നന്മ ചെയ്യുന്നവൻ ദൈവത്തിൽനിന്നുള്ളവനാകുന്നു; തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല.

4. വിഭജനത്തിന്റെ നാലാമത്തെ ഘടകം അഭിപ്രായങ്ങളും ധാരണകളുമാണ്; നമ്മുടെ അഭിപ്രായത്തെ നാം മുറുകെപ്പിടിക്കാതെ—സഭയുടെ കെട്ടുപണിക്കുവേണ്ടി ജീവനും സകലവുമായുള്ള ക്രിസ്തുവിന്റെ പ്രത്യുദ്ധാരം—എന്ന കർത്താവിന്റെ ലക്ഷ്യത്തെ പിൻപറ്റണം—മത്താ. 16:21-24; പ്ര.നി. വെളി. 3:14.

മത്താ. 16:21 ആ സമയം മുതൽ യേശു തന്റെ ശിഷ്യന്മാരോട് താൻ യെരൂശലേമിലേക്കു പോകണം എന്നും, മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരിൽനിന്ന് അനേകം കഷ്ടം സഹിക്കണം എന്നും കൊല്ലപ്പെടണം എന്നും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടണം എന്നും കാണിച്ചുകൊടുക്കുവാൻ തുടങ്ങി.

മത്താ. 16:22 പത്രൊസോ അവനെ വേറിട്ടു കൊണ്ടുപോയി, കർത്താവേ, ദൈവം നിന്നോടു കരുണയുള്ളവൻ ആകട്ടെ! ഇത് ഒരുവിധത്തിലും നിനക്കു സംഭവിക്കരുത് എന്നു പറഞ്ഞുകൊണ്ട് അവനെ ശാസിക്കുവാൻ തുടങ്ങി.

മത്താ. 16:23 എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

വെളി. 3:14 ലവൊദിക്യയിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു:

**III. നാം നമ്മിൽനിന്ന് പുറത്തുവന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുമ്പോൾ, നാം ഒന്നാകുകയും, ഒരുമനസ്സിൽ ഒന്നായി തികഞ്ഞവരാക്കപ്പെടുകയും ചെയ്യുന്നു—യോഹ. 17:11, 17, 21-23; എഫെ. 4:1-6:**

| | |
|---|---|
| യോഹ. 17:11 | ഇനിമേൽ ഞാൻ ലോകത്തിൽ ഇല്ല; എങ്കിലും അവർ ലോകത്തിലാകുന്നു, ഞാനോ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്, എനിക്കു നൽകിയിരിക്കുന്ന നിന്റെ നാമത്തിൽ നീ അവരെ സൂക്ഷിക്കേണമേ. |
| യോഹ. 17:17 | സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു. |
| യോഹ. 17:21 | നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ. |
| യോഹ. 17:22 | നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു; |
| യോഹ. 17:23 | നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ. |
| എഫെ. 4:1 | ആകയാൽ കർത്താവിൽ തടവുകാരനായ ഞാൻ, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു, |
| എഫെ. 4:2 | സകല താഴ്മയോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ, അന്യോന്യം സ്നേഹത്തിൽ വഹിച്ചുകൊണ്ട്, |
| എഫെ. 4:3 | ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ: |
| എഫെ. 4:4 | ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ; |
| എഫെ. 4:5 | കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്; |
| എഫെ. 4:6 | എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും |

ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.

A. വിശുദ്ധീകരിക്കപ്പെടുകയെന്നാൽ നമ്മിൽനിന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുകയും നമ്മിൽ ജീവിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുകയും ചെയ്യുക എന്നാണ്; ഈ വിധത്തിൽ നാം ഒന്നായി തികഞ്ഞവരാക്കപ്പെടുന്നു—യോഹ. 17:21-23.

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

B. ഈ വിശുദ്ധീകരണം സത്യമായ വചനത്താലും സത്യത്തിന്റെ ആത്മാവായ ആത്മാവിനാലും സംഭവിക്കുന്നു:

1. എല്ലാ പ്രഭാതത്തിലും നാം വചനത്തിലേക്ക് വരുമ്പോൾ, ബാഹ്യമായി നാം വചനത്തെ സ്പർശിക്കുന്നു, എന്നാൽ ആന്തരികമായി ആത്മാവ് നമ്മെ സ്പർശിക്കുന്നു; യാഥാർഥ്യത്തിന്റെ വചനത്താലും യാഥാർഥ്യത്തിന്റെ ആത്മാവിനാലും, നാം വിശുദ്ധീകരിക്കപ്പെടുന്നു.

2. നാം എത്രയധികം വചനത്തെ സ്പർശിക്കുകയും, എത്രയധികം ആത്മാവ് നമ്മെ സ്പർശിക്കുകയും ചെയ്യുമോ, അത്രയധികം നമ്മിൽനിന്ന് നാം പുറത്തേക്ക് നീങ്ങുന്നു; സ്വയം എന്ന ഒരു വാസസ്ഥലത്തുനിന്നും ത്രിയേക ദൈവം എന്ന മറ്റൊരു വാസസ്ഥലത്തിലേക്ക് നാം നിങ്ങുന്നു.

3. എല്ലാ ദിവസവും നാം ഈ നീക്കം നടത്തണം, കാരണം സ്വയത്തിൽ ലൗകികതയും, അതിമോഹവും, സ്വയ-മഹത്വീകരണവും, അഭിപ്രായങ്ങളും ധാരണകളും ഉണ്ട്.

4. നാം തുടർച്ചയായി വചനത്തെ സ്പർശിക്കുകയും ദിനംപ്രതി നമ്മെ സ്പർശിക്കുവാൻ ആത്മാവിനെ അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം വിശുദ്ധീകരിക്കപ്പെടും; അതായത്, നമ്മുടെ പഴയ താമസസ്ഥലമായ നമ്മിൽനിന്ന്, നമ്മുടെ പുതിയ താമസസ്ഥലമായ ത്രിയേക ദൈവത്തിലേക്ക് നാം നീങ്ങും.

5. നമ്മിൽനിന്ന് നാം പുറത്തായിക്കഴിഞ്ഞാൽ, നാം വിശുദ്ധീകരിക്കപ്പെടുകയും, ഭിന്നതയുടെ ഘടകങ്ങളിൽനിന്നും വേർപെടുത്തപ്പെടുകയും, ദൈവത്തിന്നായി മാത്രമല്ല, ദൈവത്തിലേക്കും വേർപെടുത്തപ്പെടുകയും ചെയ്യുന്നു.

6. യഥാർഥ ഒരുമയും ഒരുമനസ്സും ഉണ്ടായിരിക്കുന്നതിന് നാം ആദ്യം നമ്മിൽനിന്ന് പുറത്തുകടന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങണം (വാ. 17, 21); തുടർന്ന് ഏതൊരു സ്ഥലത്തുള്ള വിശുദ്ധന്മാരുമായും നമുക്ക് ഒന്നായിരിക്കുവാൻ കഴിയത്തക്കവണ്ണം ക്രിസ്തു നമ്മിൽ ജീവിക്കുവാൻ നാം അനുവദിക്കണം (വാ. 23).

| | |
|---|---|
| യോഹ. 17:17 | സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു. |
| യോഹ. 17:21 | നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ. |
| യോഹ. 17:23 | ,..ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ. |

C. "ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ"; ഈ തികവുപ്രാപിച്ച ഒരുമയാണ് യഥാർഥ കെട്ടുപണി; അത് ജീവനിലുള്ള വളർച്ചയാണ്—വാ. 23; എഫെ. 4:16:

| | |
|---|---|
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

1. ഒന്നായി തികഞ്ഞവരാക്കപ്പെടുകയെന്നാൽ ലൗകികതയിൽനിന്നും, അതിമോഹത്തിൽനിന്നും, സ്വയ-മഹത്വീകരണൽനിന്നും, അഭിപ്രായങ്ങൾ ധാരണകൾ എന്നിവയിൽനിന്നും രക്ഷപെടുക എന്നാണ് അർഥമാക്കുന്നത്.

2. "ഞാൻ അവരിൽ"—ഇതർഥമാക്കുന്നത് പുത്രൻ നമ്മിൽ ജീവിക്കുകയും നീങ്ങുകയും ചെയ്യുന്നു എന്നാണ്.

3. "നിങ്ങൾ എന്നിൽ"—ഇതർഥമാക്കുന്നത് പിതാവ് പുത്രനിൽ ജീവിക്കുകയും നീങ്ങുകയും ചെയ്യുന്നു എന്നാണ്.

4. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പുത്രൻ നമ്മിൽ ജീവിക്കുകയും നീങ്ങുകയും ചെയ്യുമ്പോൾ, പിതാവ് അവനിൽ ജീവിക്കുകയും നീങ്ങുകയും ചെയ്യുന്നു; ഈ രണ്ടുവിധ ജീവിക്കലിലൂടെയും

നീങ്ങലിലൂടെയും, നാം ഒന്നായി തികഞ്ഞവരാക്കപ്പെടുകയും, നാം പിതാവിനെ തേജസ്സിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.

D. യോഹന്നാൻ 17:21 അതിമോഹത്തെയും, വാക്യം 22 സ്വയ-മഹത്വീകരണത്തെയും, വാക്യം 23 ധാരണകളെയും അഭിപ്രായങ്ങളും പരോക്ഷമായി സൂചിപ്പിക്കുന്നു:

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

1. ത്രിയേക ദൈവത്തിൽ അതിമോഹമില്ല, പിതാവിന്റെ തേജസ്സിൽ സ്വയ-മഹത്വീകരണമില്ല, ക്രിസ്തു ജീവിക്കുകയും വാഴുകയും ചെയ്യുന്നിടത്ത് അഭിപ്രായങ്ങളും ധാരണകളുമില്ല.

2. പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ ദിവ്യവും മാർമികവുമായ മണ്ഡലത്തിൽ, അതിമോഹം വിഴുങ്ങപ്പെടുകയും, സ്വയ-മഹത്വീകരണം അപ്രത്യക്ഷമാകുകയും, ധാരണകളും അഭിപ്രായങ്ങളും കൊല്ലപ്പെടുകയും ചെയ്യുന്നു; ഇവിടെ സാത്താനാൽ വ്യവസ്ഥാപിതമാക്കപ്പെട്ട ലോകത്തിലെ ഭിന്നതയുടെ യാതൊരു തിന്മയും ഇല്ല (വാ. 15); പകരം, യഥാർഥ ഒരുമയുണ്ട്.

യോഹ. 17:15 ലോകത്തിൽനിന്ന് അവരെ എടുത്തുമാറ്റണമെന്നല്ല, ദുഷ്ടന്റെ കരങ്ങളിൽനിന്ന് അവരെ സൂക്ഷിക്കണമെന്നത്രേ ഞാൻ നിന്നോട് അപേക്ഷിക്കുന്നത്.

E. പിതാവിൽ ജീവിക്കുകയും നമ്മിൽ ജീവിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുകയും പിതാവിന്റെ തേജസ്സിൽ, അവന്റെ ആവിഷ്കാരത്തിൽ ജീവിക്കുകയും ചെയ്യുന്നതാണ് യഥാർഥ ഒരുമ—വാ. 22, 24:

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:24 ലോകസ്ഥാപനത്തിനു മുമ്പേ നീ എന്നെ സ്നേഹിച്ചതുകൊണ്ട്,

പിതാവേ, നീ എനിക്കു നൽകിയിരിക്കുന്ന എന്റെ തേജസ്സ് അവർ കാണേണ്ടതിന്, നീ എനിക്കു നൽകിയവരെക്കുറിച്ച്, ഞാൻ ആയിരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ആയിരിക്കേണ്ടതിനു ഞാൻ വാഞ്ഛിക്കുന്നു.

1. നാം നമ്മിൽനിന്ന് പുറത്തുവന്ന് ത്രിയേക ദൈവത്തിലേക്ക് നീങ്ങുകയും പിതാവിന്റെ തേജസ്സിനായി, അവന്റെ ആവിഷ്കാരത്തിനായി, അവനിൽ നിലനിൽക്കുകയും വേണം.
2. യഥാർഥ കെട്ടുപണിയും, ഒരുമയും, ഒരുമയുടെ അനുഷ്ഠാനമായ ഒരുമനസ്സും ത്രിയേക ദൈവത്തിൽ മാത്രം സാധ്യമായതാണ്, ക്രിസ്തു നമ്മിൽ ജീവിക്കുമ്പോൾ മാത്രമേ അത് പ്രബലമായിരിക്കുകയുള്ളൂ; അപ്പോൾ നമുക്ക് പിതാവിനെ തേജസ്സിൽ ആവിഷ്കരിക്കുവാനും യഥാർഥ ഒരുമ അനുഭവമാക്കുവാനും കഴിയും.

**IV. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും പ്രവർത്തിക്കുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളായിരിക്കത്തക്കവണ്ണം സാരാംശാപരമായും വ്യവസ്ഥാപരമായും ആത്മാവിനാൽ നിറഞ്ഞിരിക്കുന്നതിനായി നമുക്കാവശ്യമായ പ്രാർഥന പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു—1:14; 6:4; 13:1-4:**

പ്രവൃ. 1:14 — ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു.

പ്രവൃ. 6:4 — എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

പ്രവൃ. 13:1 — അന്ത്യൊക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

പ്രവൃ. 13:2 — അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

പ്രവൃ. 13:3 — അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു.

പ്രവൃ. 13:4 — പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്യയിലേക്ക് ഇറങ്ങിപ്പോയി; അവിടെനിന്ന് അവർ കുപ്രൊസിലേക്ക് കപ്പൽ കയറി.

A. നമുക്കാവശ്യമായ പ്രാർഥന ആത്മാവിന്റെ പകർച്ചയിൽ കൊണ്ടുവരപ്പെട്ട പ്രാർഥനയാണ്—1:14; 2:1-4, 16-17.

| | |
|---|---|
| പ്രവൃ. 1:14 | ഇവർ എല്ലാവരും, സ്ത്രീകളോടും യേശുവിന്റെ അമ്മ മറിയയോടും, അവന്റെ സഹോദരന്മാരോടും കൂടെ, ഒരുമനസ്സോടെ ദൃഢചിത്തരായി പ്രാർഥനയിൽ തുടർന്നു. |
| പ്രവൃ. 2:1 | അനന്തരം പെന്തെക്കൊസ്തു നാളായപ്പോൾ, അവർ എല്ലാവരും ഒരേ സ്ഥലത്ത് ഒരുമിച്ചായിരുന്നു. |
| പ്രവൃ. 2:2 | പെട്ടെന്ന് ഇരച്ചുകയറുന്ന ഉഗ്രകാറ്റെന്നപോലെ സ്വർഗത്തിൽനിന്ന് ഒരു ശബ്ദം ഉണ്ടായി, അത് അവർ ഇരുന്ന ഭവനത്തെ മുഴുവനും നിറച്ചു. |
| പ്രവൃ. 2:3 | അവർക്കു വിതരണം ചെയ്യപ്പെട്ട, തീ പോലുള്ള നാവുകൾ പ്രത്യക്ഷമായി; അത് അവർ ഓരോരുത്തരുടെയും മേൽ ഇരുന്നു. |
| പ്രവൃ. 2:4 | അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും, ആത്മാവ് അവർക്ക് സംസാരിക്കുവാൻ നൽകിയതുപോലെ, വ്യത്യസ്ത ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു. |
| പ്രവൃ. 2:16 | ഇത് യോവേൽ പ്രവാചകനിലൂടെ അരുളിച്ചെയ്തതാകുന്നു: |
| പ്രവൃ. 2:17 | “ദൈവം അരുളിച്ചെയ്യുന്നു, അവസാന നാളുകളിൽ ഇതൊക്കെയും സംഭവിക്കും, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ ഒഴിക്കും, ... |

B. നമുക്കാവശ്യമായ പ്രാർഥന ഭൂമിയെ കുലുക്കുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ ശിഷ്യന്മാരെ പരിശുദ്ധാത്മാവിനാൽ ശക്തരാക്കുകയും ചെയ്ത പ്രാർഥനയാണ്—4:24-31.

| | |
|---|---|
| പ്രവൃ. 4:24 | അവർ ഇത് കേട്ടപ്പോൾ, ഒരുമനസ്സോടെ ദൈവത്തോട് തങ്ങളുടെ ശബ്ദം ഉയർത്തി പറഞ്ഞു, സർവാധികാരിയായ യജമാനനേ, ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ നീ ആകുന്നു, |
| പ്രവൃ. 4:25 | നീ പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ പിതാവായ, നിന്റെ ദാസനായ ദാവീദിന്റെ വായിലൂടെ, “ജാതികൾ രോഷംകൊണ്ടതും ജനങ്ങൾ വ്യഥാവായ കാര്യങ്ങൾ പദ്ധതിയിട്ടതും എന്തിന്? |
| പ്രവൃ. 4:26 | ഭൂമിയിലെ രാജാക്കന്മാർ തങ്ങളെത്തന്നെ അണിനിരത്തുകയും, അധിപന്മാരെ കർത്താവിനും അവന്റെ ക്രിസ്തുവിനും എതിരായി ഒരുമിച്ചു കൂട്ടിവരുത്തുകയും ചെയ്തു” എന്ന് അരുളിച്ചെയ്തിരിക്കുന്നുവല്ലോ. |

പ്രവൃ. 4:27 എന്തെന്നാൽ സത്യമായും ഈ പട്ടണത്തിൽ നീ അഭിഷേകം ചെയ്ത, നിന്റെ വിശുദ്ധ ദാസനായ യേശുവിന് എതിരായി, ഹെരോദാവും പൊന്തിയൊസ് പീലാത്തൊസും, ജാതികളോടും യിസ്രായേൽ ജനത്തോടുംകൂടെ ഒന്നിച്ചു കൂടി,

പ്രവൃ. 4:28 സംഭവിക്കണം എന്ന് നിന്റെ കരവും നിന്റെ ആലോചനയും മുൻനിർണയിച്ചത് ചെയ്യുവാൻ തന്നെ.

പ്രവൃ. 4:29 ഇപ്പോഴോ, കർത്താവേ, അവരുടെ ഭീഷണികളിന്മേൽ നോക്കി, നിന്റെ അടിമകൾക്ക് സകല ധൈര്യത്തോടുംകൂടി നിന്റെ വചനം സംസാരിക്കുവാൻ ഇടയാക്കേണമേ,

പ്രവൃ. 4:30 സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുമ്പോൾ, നിന്റെ വിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിലൂടെ അടയാളങ്ങളും അത്ഭുതങ്ങളും നടക്കേണ്ടതിനു തന്നെ.

പ്രവൃ. 4:31 അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു.

C. നമുക്കാവശ്യമായ പ്രാർഥന വചന ശുശ്രൂഷയുമായി പൊരുത്തപ്പെടുന്ന അപ്പൊസ്തലന്മാരുടെ പ്രാർഥനയാണ്—6:4.

പ്രവൃ. 6:4 എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

D. നമുക്കാവശ്യമായ പ്രാർഥന പത്രൊസിനെ ഒരു വിവശതയിലേക്ക് കൊണ്ടുവരുകയും അവന് ഒരു സ്വർഗീയ ദർശനം നൽകിയതുമായ പ്രാർഥനയാണ്—10:9-16.

പ്രവൃ. 10:9 അടുത്ത ദിവസം അവർ യാത്ര ചെയ്ത് പട്ടണത്തോട് സമീപിക്കുമ്പോൾ, ഏകദേശം ആറാം മണിനേരം പത്രൊസ് പ്രാർഥിക്കുവാനായി മട്ടുപ്പാവിൽ കയറി.

പ്രവൃ. 10:10 അവൻ വളരെ വിശന്നിട്ട് ഭക്ഷിക്കുവാൻ ഇച്ഛിച്ചു. അവർ ഒരുക്കിക്കൊണ്ടിരിക്കുമ്പോൾ അവന്റെമേൽ ഒരു വിവശത വന്നു;

പ്രവൃ. 10:11 സ്വർഗം തുറന്നിരിക്കുന്നതും, വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലു കോണുകളാൽ താഴ്ത്തപ്പെട്ട്, ഭൂമിയിലേക്ക് ഇറങ്ങുന്നതും അവൻ കണ്ടു,

പ്രവൃ. 10:12 അതിൽ ഭൂമിയിലെ സകല നാൽക്കാലികളും ഇഴജന്തുക്കളും, ആകാശത്തിലെ പറവകളും ഉണ്ടായിരുന്നു.

പ്രവൃ. 10:13 പത്രൊസേ, എഴുന്നേറ്റ്, അറുത്ത് ഭക്ഷിക്കുക! എന്നൊരു ശബ്ദം അവന്റെ അടുക്കൽ വന്നു.

പ്രവൃ. 10:14 എന്നാൽ പത്രൊസ്, ഒരുവിധത്തിലും ഇല്ല കർത്താവേ, സാമാന്യമായതും വെടിപ്പല്ലാത്തതുമായ യാതൊന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല എന്നു പറഞ്ഞു.

പ്രവൃ. 10:15 ദൈവം വെടിപ്പാക്കിയവയെ നീ സാമാന്യമാക്കരുത് എന്നൊരു ശബ്ദം രണ്ടാമത് പിന്നെയും അവന്റെ അടുക്കൽ വന്നു.

പ്രവൃ. 10:16 ഇത് മൂന്നു പ്രാവശ്യം സംഭവിച്ചു; ഉടനെ ആ പാത്രം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.

E. നമുക്കാവശ്യമായ പ്രാർഥന പത്രൊസിനുവേണ്ടി കാരാഗൃഹത്തിന്റെ കവാടം തുറന്ന പ്രാർഥനയാണ്—12:4-14.

പ്രവൃ. 12:4 അവനെ പിടികൂടി കാരാഗൃഹത്തിലാക്കി, പെസഹായ്ക്കു ശേഷം ജനത്തിനു മുമ്പാകെ കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ട്, അവനെ കാവൽ ചെയ്യേണ്ടതിന് പടയാളികളുടെ നാല് ചതുർഗണങ്ങളെ ഏൽപ്പിച്ചു.

പ്രവൃ. 12:5 അങ്ങനെ പത്രൊസ് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു; എന്നാൽ സഭ അവനുവേണ്ടി ദൈവത്തോട് വ്യഗ്രതയോടെ പ്രാർഥിക്കുകയായിരുന്നു.

പ്രവൃ. 12:6 ഹെരോദാവ് അവനെ മുമ്പിൽ കൊണ്ടുവരാനിരിക്കുമ്പോൾ, ആ രാത്രി പത്രൊസ് രണ്ട് ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവനായി രണ്ട് പടയാളികളുടെ ഇടയിൽ ഉറങ്ങുകയായിരുന്നു; വാതിലിനു മുമ്പിലുള്ള കാവൽക്കാർ കാരാഗൃഹം സൂക്ഷിക്കുകയായിരുന്നു.

പ്രവൃ. 12:7 ഇതാ, കർത്താവിന്റെ ഒരു ദൂതൻ അവനരികെ നിന്നു, അറയിൽ ഒരു വെളിച്ചം പ്രകാശിച്ചു; വേഗം എഴുന്നേൽക്കുക എന്നു പറഞ്ഞുകൊണ്ട് അവൻ പത്രൊസിന്റെ വിലാപ്പുറത്ത് തട്ടി അവനെ എഴുന്നേൽപ്പിച്ചു. അവന്റെ ചങ്ങലകൾ കൈകളിൽ നിന്നു വീണുപോയി.

പ്രവൃ. 12:8 ദൂതൻ അവനോട്, നിന്നെത്തന്നെ അരകെട്ടി നിന്റെ ചെരുപ്പ് കെട്ടുക എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തു. അവൻ അവനോട്, നിന്റെ മേലങ്കി പുതച്ച് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.

പ്രവൃ. 12:9 അവൻ പുറത്തിറങ്ങി അവനെ അനുഗമിച്ചു; എങ്കിലും ദൂതൻ മുഖാന്തരം സംഭവിക്കുന്നത് യഥാർഥമാണെന്ന് അവൻ അറിഞ്ഞില്ല, താൻ ഒരു ദർശനം കാണുകയാണെന്നു വിചാരിച്ചു.

പ്രവൃ. 12:10 അവർ ഒന്നാമത്തെയും രണ്ടാമത്തെയും കാവൽക്കാരനെ കടന്ന്, പട്ടണത്തിലേക്ക് നയിക്കുന്ന ഇരുമ്പു കവാടത്തിങ്കൽ വന്നു, അത് അവർക്കായി തനിയെ തുറന്നു. പിന്നെ

പുറത്തിറങ്ങി, അവർ ഒരു ഇടവഴി കടന്നു; ഉടനെ ദൂതൻ അവനിൽ നിന്നു പിൻവാങ്ങി.

പ്രവൃ. 12:11 പത്രൊസ് തന്നിലേക്കുതന്നെ വന്നിട്ട്, കർത്താവ് തന്റെ ദൂതനെ അയച്ച് ഹെരോദാവിന്റെ കൈയ്യിൽനിന്നും യെഹൂദ ജനത്തിന്റെ സകല പ്രതീക്ഷയിൽനിന്നും എന്നെ രക്ഷപ്പെടുത്തി എന്ന് ഇപ്പോൾ സത്യമായി ഞാൻ അറിയുന്നു എന്നു പറഞ്ഞു.

പ്രവൃ. 12:12 അവൻ ഇതെക്കുറിച്ചു ബോധവാനായപ്പോൾ, മർക്കൊസ് എന്നു മറുപേരുള്ള, യോഹന്നാന്റെ അമ്മയായ മറിയയുടെ വീട്ടിൽ പോയി, അവിടെ ഗണ്യമായ ഒരു കൂട്ടം ഒന്നിച്ചുകൂടി പ്രാർഥിക്കുകയായിരുന്നു.

പ്രവൃ. 12:13 അവൻ പ്രവേശന കവാടത്തിൽ മുട്ടിയപ്പോൾ, രോദാ എന്നു പേരുള്ള ഒരു ബാല്യക്കാരി വിളികേൾക്കുവാൻ വന്നു.

പ്രവൃ. 12:14 അവൾ പത്രൊസിന്റെ ശബ്ദം തിരിച്ചറിഞ്ഞപ്പോൾ, സന്തോഷത്താൽ കവാടം തുറക്കാതെ, അകത്തേക്ക് ഓടി പത്രൊസ് കവാടത്തിനു മുമ്പിൽ നിൽക്കുന്നു എന്ന് അറിയിച്ചു.

F. നമുക്കാവശ്യമായ പ്രാർഥന അഞ്ച് പ്രവാചകന്മാരെയും ഉപദേഷ്ടാക്കളെയും കർത്താവിന്റെ നിയോഗത്തിലേക്ക് കൊണ്ടുവന്ന പ്രാർഥനയാണ്—13:1-4.

പ്രവൃ. 13:1 അന്ത്യൊക്ക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്ക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

പ്രവൃ. 13:2 അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

പ്രവൃ. 13:3 അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു.

പ്രവൃ. 13:4 പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടിട്ട്, അവർ സെലൂക്ക്യയിലേക്ക് ഇറങ്ങിപ്പോയി; അവിടെനിന്ന് അവർ കുപ്രൊസിലേക്ക് കപ്പൽ കയറി.

G. നമുക്കാവശ്യമായ പ്രാർഥന ഒരു വലിയ ഭൂകമ്പത്തെ കൊണ്ടുവരുകയും കാരാഗൃഹത്തിന്റെ അടിസ്ഥാനത്തെ ഇളക്കുകയും ചെയ്ത പ്രാർഥനയാണ്—16:23-26.

പ്രവൃ. 16:23 അവരുടെ മേൽ അനേകം പ്രഹരങ്ങൾ നൽകിയ ശേഷം, അവരെ കാരാഗൃഹത്തിലേക്ക് എറിയുകയും, കാരാഗൃഹ സൂക്ഷിപ്പുകാരനോട് അവരെ ഭദ്രമായി കാക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

പ്രവൃ. 16:24 അങ്ങനെ ഒരു ആജ്ഞ ലഭിച്ചിട്ട്, അവൻ അവരെ അകത്തെ തടവറയിലേക്ക് എറിയുകയും അവരുടെ പാദം ആമത്തിൽ ഭദ്രമാക്കുകയും ചെയ്തു.

പ്രവൃ. 16:25 ഏകദേശം അർധരാത്രി പൗലൊസും ശീലാസും പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, ദൈവത്തിന് സ്തുതിഗീതങ്ങൾ പാടി; തടവുകാർ അവരെ ശ്രവിക്കുകയായിരുന്നു.

പ്രവൃ. 16:26 പെട്ടെന്ന് കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങുംവണ്ണം, ഒരു വലിയ ഭൂകമ്പം ഉണ്ടായി. ക്ഷണത്തിൽ എല്ലാ വാതിലും തുറക്കപ്പെടുകയും, എല്ലാവരുടെയും കെട്ടുകൾ അഴിക്കപ്പെടുകയും ചെയ്തു.

H. നമുക്കാവശ്യമായ പ്രാർഥന പൗലൊസിനെ ഒരു വിവശതയിലേക്കും അവനോടുള്ള കർത്താവിന്റെ സംസാരത്തിലേക്കും കൊണ്ടുവന്ന പ്രാർഥനയാണ്—22:17-21.

പ്രവൃ. 22:17 പിന്നെ ഞാൻ യെരൂശലേമിലേക്കു മടങ്ങിവന്നു ദൈവാലയത്തിൽ പ്രാർഥിക്കുമ്പോൾ ഒരു വിവശതയിലേക്കു പ്രവേശിച്ചു;

പ്രവൃ. 22:18 അവൻ എന്നോട്, പെട്ടന്ന്, യെരൂശലേമിൽനിന്നു വേഗം പുറത്തു പോകുക, അവർ എന്നെക്കുറിച്ചുള്ള നിന്റെ സാക്ഷ്യം സ്വീകരിക്കുകയില്ല എന്നു പറയുന്നത് ഞാൻ കണ്ടു.

പ്രവൃ. 22:19 ഞാൻ പറഞ്ഞു, കർത്താവേ ഞാൻ സിനഗോഗുകൾ തോറും നിന്റെ മേൽ വിശ്വസിക്കുന്നവരെ കാരാഗൃഹത്തിൽ അടയ്ക്കുകയും മർദിക്കുകയും ചെയ്തിരുന്നു എന്ന് അവർ അറിയുന്നു;

പ്രവൃ. 22:20 നിന്റെ സാക്ഷിയായ സ്തെഫാനോസിന്റെ രക്തം ചിന്തിയപ്പോൾ, ഞാൻ അടുത്തുനിന്ന് അതിനെ അംഗീകരിക്കുകയും അവനെ വകവരുത്തുന്നവരുടെ വസ്ത്രം കാക്കുകയും ചെയ്യുകയായിരുന്നു.

പ്രവൃ. 22:21 അവൻ എന്നോട്, പോകുക, ഞാൻ നിന്നെ ദൂരെ ജാതികളുടെ അടുക്കൽ അയയ്ക്കും എന്നു പറഞ്ഞു.

**V. സഭ കെട്ടുപണി ചെയ്യപ്പെടുന്നതിന് ദൈവത്തോടുകൂടെയുള്ള നമ്മുടെ വേല ഒരു ആത്മിക യുദ്ധമാണെന്നും പ്രാർഥന ദൈവത്തിന്റെ വേല നിവർത്തിക്കുന്നതിനുള്ള രഹസ്യമാണെന്നും പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു—4:24-31; സങ്കീ. 2:1-2; എഫെ. 6:10-20:**

| | |
|---|---|
| പ്രവൃ. 4:24 | അവർ ഇത് കേട്ടപ്പോൾ, ഒരുമനസ്സോടെ ദൈവത്തോട് തങ്ങളുടെ ശബ്ദം ഉയർത്തി പറഞ്ഞു, സർവാധികാരിയായ യജമാനനേ, ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ നീ ആകുന്നു, |
| പ്രവൃ. 4:25 | നീ പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ പിതാവായ, നിന്റെ ദാസനായ ദാവീദിന്റെ വായിലൂടെ, "ജാതികൾ രോഷംകൊണ്ടതും ജനങ്ങൾ വ്യഥാവായ കാര്യങ്ങൾ പദ്ധതിയിട്ടതും എന്തിന്? |
| പ്രവൃ. 4:26 | ഭൂമിയിലെ രാജാക്കന്മാർ തങ്ങളെത്തന്നെ അണിനിരത്തുകയും, അധിപന്മാരെ കർത്താവിനും അവന്റെ ക്രിസ്തുവിനും എതിരായി ഒരുമിച്ചു കൂട്ടിവരുത്തുകയും ചെയ്തു" എന്ന് അരുളിച്ചെയ്തിരിക്കുന്നുവല്ലോ. |
| പ്രവൃ. 4:27 | എന്തെന്നാൽ സത്യമായും ഈ പട്ടണത്തിൽ നീ അഭിഷേകം ചെയ്ത, നിന്റെ വിശുദ്ധ ദാസനായ യേശുവിന് എതിരായി, ഹെരോദാവും പൊന്തിയൊസ് പീലാത്തൊസും, ജാതികളോടും യിസ്രായേൽ ജനത്തോടുംകൂടെ ഒന്നിച്ചു കൂടി, |
| പ്രവൃ. 4:28 | സംഭവിക്കണം എന്ന് നിന്റെ കരവും നിന്റെ ആലോചനയും മുൻനിർണയിച്ചത് ചെയ്യുവാൻ തന്നെ. |
| പ്രവൃ. 4:29 | ഇപ്പോഴോ, കർത്താവേ, അവരുടെ ഭീഷണികളിന്മേൽ നോക്കി, നിന്റെ അടിമകൾക്ക് സകല ധൈര്യത്തോടുംകൂടി നിന്റെ വചനം സംസാരിക്കുവാൻ ഇടയാക്കേണമേ, |
| പ്രവൃ. 4:30 | സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുമ്പോൾ, നിന്റെ വിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിലൂടെ അടയാളങ്ങളും അത്ഭുതങ്ങളും നടക്കേണ്ടതിനു തന്നെ. |
| പ്രവൃ. 4:31 | അവർ അപ്രകാരം അപേക്ഷിച്ചു കഴിഞ്ഞപ്പോൾ, അവർ കൂടിവന്ന സ്ഥലം കുലുങ്ങുകയും, അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ധൈര്യത്തോടെ ദൈവവചനം സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു. |
| സങ്കീ. 2:1 | ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്തു? |
| സങ്കീ. 2:2 | യഹോവയ്ക്കും അവന്റെ അഭിഷിക്തന്നും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേല്ക്കുകയും അധിപതികൾ തമ്മിൽ ആലോചിക്കയും ചെയ്യുന്നതു: |

| | |
|---|---|
| എഫെ. 6:10 | ഒടുവിൽ, കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും, ശക്തിപ്പെടുവിൻ. |
| എഫെ. 6:11 | പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ. |
| എഫെ. 6:12 | എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു. |
| എഫെ. 6:13 | അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ. |
| എഫെ. 6:14 | അതുകൊണ്ട്, സത്യത്താൽ നിങ്ങളുടെ അരകെട്ടിയും നീതിയുടെ മാർകവചം ധരിച്ചും, |
| എഫെ. 6:15 | സമാധാന സുവിശേഷത്തിന്റെ ഉറച്ച അടിസ്ഥാനം കൊണ്ട് നിങ്ങളുടെ പാദങ്ങൾക്ക് ചെരിപ്പിട്ടും, |
| എഫെ. 6:16 | ഇവയ്ക്കു പുറമേ, ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ കഴിയുന്ന, വിശ്വാസത്തിന്റെ പരിച എടുത്തും നിൽക്കുവിൻ, |
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |
| എഫെ. 6:19 | എനിക്കും വേണ്ടി, സുവിശേഷത്തിന്റെ മർമം ധൈര്യത്തോടെ അറിയിക്കുവാൻ എന്റെ വായ് തുറക്കുമ്പോൾ, എനിക്ക് ഉച്ചാരണം ലഭിക്കേണ്ടതിന് അപേക്ഷിക്കുവിൻ, |
| എഫെ. 6:20 | അതിനായി ഞാൻ ചങ്ങലയിൽ ഒരു സ്ഥാനപതി ആകുന്നു, അതിൽ ഞാൻ സംസാരിക്കേണ്ടതുപോലെ ധൈര്യമായി സംസാരിക്കുവാൻ തന്നെ. |

A. കർത്താവിന്റെ മുമ്പാകെ നാം ഉച്ചരിക്കുന്ന പ്രാർഥനകൾ, പ്രത്യേകിച്ച് സഭയ്ക്കും സഭ കെട്ടുപണി ചെയ്യപ്പെടുന്നതിനായി നാം നിർവഹിക്കുന്ന വേലയ്ക്കും എതിരായ "എതിർ പ്രാർഥനകളെ" എതിർക്കുകയും ചെറുക്കുകയും വേണം—യോഹ. 17:15; മത്താ. 6:13; പ്ര.നി. സങ്കീ. 31:20.

| | |
|---|---|
| യോഹ. 17:15 | ലോകത്തിൽനിന്ന് അവരെ എടുത്തുമാറ്റണമെന്നല്ല, ദുഷ്ടന്റെ |

കരങ്ങളിൽനിന്ന് അവരെ സൂക്ഷിക്കണമെന്നത്രേ ഞാൻ നിന്നോട് അപേക്ഷിക്കുന്നത്.

മത്താ. 6:13 ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ.

സങ്കീ. 31:20 നീ അവരെ മനുഷ്യരുടെ കൂട്ടുകെട്ടിൽനിന്നു വിടുവിച്ചു നിന്റെ സാന്നിധ്യത്തിന്റെ മറവിൽ മറെക്കും. നീ അവരെ നാവുകളുടെ വക്കാണത്തിൽനിന്നു രക്ഷിച്ചു ഒരു കൂടാരത്തിന്നകത്തു ഒളിപ്പിക്കും.

B. ഒരുമനസ്സ് നിലനിർത്തുന്നതിനും, ഒരുമ അനുഷ്ഠിക്കുന്നതിനും നാം "പ്രാർഥനയിൽ ഉറ്റിരിക്കുകയും, സ്തോത്രത്തോടെ അതിൽ ജാഗരിക്കുകയും" വേണം (കൊലൊ. 4:2); നാം, കർത്താവിനോട് അടുത്ത ബന്ധം പുലർത്തിക്കൊണ്ട് ഇടവിടാതെ പ്രാർഥിക്കണം (1 തെസ്സ. 5:17; മത്താ. 26:41; കൊലൊ. 2:19).

കൊലൊ. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

മത്താ. 26:41 പരീക്ഷയിലേക്കു നിങ്ങൾ പ്രവേശിക്കാതിരിക്കേണ്ടതിന് ഉണർന്നിരുന്ന് പ്രാർഥിക്കുവിൻ. ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ എന്നു പറഞ്ഞു.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

C. പ്രാർഥനയില്ലായ്മ ഒരു പാപമാണ്; കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള എല്ലാവരും പ്രാർഥിക്കുന്നവരും പ്രാർഥനയില്ലായ്മ എന്ന പാപത്തിനെതിരെ നിൽക്കുന്നവരുമായിരിക്കണം—1 ശമൂ. 12:23; കൊലൊ. 4:2.

1 ശമൂ. 12:23 ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്‌വാൻ ഇടവരരുതേ; ഞാൻ നിങ്ങൾക്കു നല്ലതും ചൊവ്വുള്ളതുമായ വഴി ഉപദേശിക്കും.

കൊലൊ. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

**ശുശ്രൂഷയിൽ നിന്നുള്ള ഭാഗങ്ങൾ:**

## പ്രത്യുദ്ധാരത്തിലെ ശക്തിയുടെ മൂന്ന് സാരാംശങ്ങൾ

തിരുവെഴുത്ത് വായന: പ്രവൃ. 1:14, 8; 4:31; 6:7; 12:24; 19:20

പ്രവൃത്തികളുടെ പുസ്തകം ഒരുമനസ്സിനോടുകൂടെ ആരംഭിക്കുകയും ഒരുമനസ്സിന് ഊന്നൽ നൽകുകയും ചെയ്യുന്നു. എങ്കിലും, ഈ ഭൂമിയിൽ കർത്താവിന്റെ നീക്കം നടപ്പിലാക്കുവാൻ അവർക്ക് വ്യത്യസ്ത വിധങ്ങളോ, മാർഗങ്ങളോ, ഹേതുക്കളോ, പദാർഥങ്ങളോ ഉണ്ടായിരുന്നെങ്കിൽ, ആദ്യകാല ശിഷ്യന്മാർക്ക് ഈ ഒരുമനസ്സു നിലനിർത്തുവാനോ കാക്കുവാനോ കഴിയുമായിരുന്നില്ല. നാം പ്രവൃത്തികളുടെ പുസ്തകം മുഴുവൻ വായിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിറവേറ്റുന്നതിനായി ഈ ഭൂമിയിൽ ദൈവത്തിന്റെ നീക്കം നടപ്പിലാക്കുവാൻ അവർ സ്വീകരിച്ച വഴി പൂർണ്ണമായും മൂന്ന് പ്രധാന കാര്യങ്ങളാൽ ആയിരുന്നുവെന്ന് നമുക്ക് കാണുവാൻ കഴിയും—പ്രാർഥനയാലും, ആത്മാവിനാലും, വചനത്തനാലും. പ്രവൃത്തികളിൽ മാത്രമല്ല, പുതിയനിയമത്തിലുടനീളം, ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിന് പ്രാർഥനയും, ആത്മാവും, വചനവും  ഉപയോഗിച്ചിരുന്നു. ഇന്ന് ക്രിസ്തുമതത്തിലെ വ്യത്യസ്ത ഗ്രൂപ്പുകൾ മറ്റ് പല വഴികളും ഉപയോഗിക്കുന്നു. പ്രത്യുദ്ധാരത്തിൽ കർത്താവിന്റെ നീക്കത്തിന് സ്കൂളുകൾ സ്ഥാപിക്കുകയോ ഇതുപോലുള്ള മറ്റ് കാര്യങ്ങൾ ചെയ്യുകയോ ചെയ്യുന്നത് പ്രയോജനമാകുമെന്ന് എനിക്ക് തോന്നാത്തത് ഇതുകൊണ്ടാണ്. ഇത് സഭകളെ ഏറെക്കുറെ വ്യത്യസ്തമായി നിലനിർത്തുന്ന ഒരു വ്യതിചലനമായിരിക്കാം. നമുക്ക് കാര്യങ്ങൾ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികളുണ്ടെങ്കിൽ, ഒരുമനസ്സ് നിലനിർത്തുക പ്രയാസമാണ്. നിസ്തുലമായ ഒരുമനസ്സ് നിലനിർത്തുന്നതിന് നാമെല്ലാവരും ഒരേ രീതിയിൽ ഒരേ കാര്യം ചെയ്യുവാൻ പഠിക്കേണ്ടതാവശ്യമാണ്. കർത്താവിന്റെ നീക്കത്തിനുള്ള നിസ്തുലമായ വഴിയെ രൂപപ്പെടുത്തുന്ന പദാർത്ഥങ്ങൾ പ്രാർഥനയും വചനത്തിൽ കലാശിക്കുന്ന ആത്മാവുമാണ്.

## വചനം വളരുകയും വർദ്ധിക്കുകയും ചെയ്യുന്നു

ആത്മാവ് വളർന്നു പെരുകിയെന്ന് പ്രവൃത്തികളുടെ പുസ്തകം ഒരിക്കലും നമ്മോടു പറയുന്നില്ല; വചനം വളർന്നു പെരുകിയെന്ന് അത് പറയുന്നു. കർത്താവിന്റെ വചനത്തിലൂടെയുള്ള നീക്കത്തെക്കുറിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ മൂന്ന് ഭാഗങ്ങളുണ്ട്. ദൈവവചനം വളർന്നു പെരുകിയെന്ന് ആദ്യ ഭാഗത്തിന്റെ അവസാനമായ 6-ാം അധ്യായം പറയുന്നു (വാ. 7). “ദൈവവചനം വളർന്നു പെരുകി” (വാ. 24) എന്ന് രണ്ടാം ഭാഗത്തിന്റെ അവസാനമായ 12-ാം അധ്യായം നമ്മോട് പറയുന്നു. പിന്നീട് പൗലൊസിന്റെ ശുശ്രൂഷ 13-ാം അധ്യായത്തിൽ ആരംഭിച്ചു. അവസാനമായി, മറ്റൊരു ഭാഗത്തിന്റെ അവസാനമായ 19-ാം അധ്യായത്തിൽ, “കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു” (വാ. 20) എന്ന് പറയുന്നു. ആത്മാവിൽ പരിണമിക്കുന്ന എന്തെങ്കിലും ഉണ്ടാകുക എന്നതല്ല കർത്താവിന്റെ നീക്കം. വാസ്തവത്തിൽ നാം ചെയ്യുന്നത് വചനം ജനത്തിലേക്ക് കൊണ്ടുവരുക എന്നതാണ്. വചനം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ യഥാർഥ ഉള്ളടക്കവും യഥാർഥ

ഘടകാംശങ്ങളുമാണ്. ദൈവത്തിന്റെ വചനം പുതിയനിയമ വേദപുസ്തകത്തെ സംരചിക്കുകയും, ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയെത്തന്നെ സംരചിക്കുകയും ചെയ്യുന്നു. വചനം പ്രചരിപ്പിക്കുവാനുള്ള ശക്തിയായി നമുക്ക് ആത്മാവ് ഉണ്ടായിരിക്കേണ്ടതിന് നാം പ്രാർഥിക്കണം.

## വചനത്താൽ സംരചിക്കപ്പെടുന്നു

പത്രൊസ് എടുത്തതിനെക്കാൾ വലിയ അളവിൽ നാം വചനം സ്വീകരിക്കണം. പൗലൊസ് എഴുതിയ പതിന്നാല് ലേഖനങ്ങളിലും യോഹന്നാൻ എഴുതിയ വെളിപ്പാട് പുസ്തകത്തിലും നമ്മെപ്പോലെതന്നെ പത്രൊസിനും ഒരുപക്ഷെ ഒരു പങ്ക് ഇല്ലായിരുന്നിരിക്കാം. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് എഴുതിയതൊക്കെയും എടുക്കുവാൻ പത്രൊസ് തന്റെ പിൽക്കാല ശുശ്രൂഷയിൽ വിശുദ്ധന്മാരോട് കല്പിച്ചത് (2 പത്രൊ. 3:15-16). പത്രൊസിനോടും അവന്റെ എല്ലാ കൂട്ടാളികളോടും അനേകം കാര്യങ്ങൾ പറയാനുണ്ടെന്നും ആ സമയത്ത് അവർക്ക് അത് വഹിക്കുവാൻ കഴിയുമായിരുന്നില്ലെന്നും യോഹന്നാൻ 16-ൽ കർത്താവു പറഞ്ഞു. കൂടുതൽ സംസാരത്തിനായി യാഥാർഥ്യത്തിന്റെ ആത്മാവ് വരുന്നതുവരെ അവർ കാത്തിരിക്കേണ്ടതാവശ്യമാണെന്ന് അവൻ പറഞ്ഞു (വാ. 12-13). പ്രധാനമായും, ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയെ ആസ്പദമാക്കി കർത്താവായ യേശുവിന്റെ തുടർച്ചയായി പരിശുദ്ധാത്മാവ് പൗലൊസിലൂടെ സംസാരിച്ചു. കർത്താവ് തന്നെ പത്രൊസിനോട് നേരിട്ട് സംസാരിച്ച വചനം പ്രധാനമായും നാല് സുവിശേഷങ്ങളിലുണ്ട്. പെന്തക്കോസ്തിനശേഷം കർത്താവ് തന്റെ എല്ലാ ജനത്തോടും, പ്രധാനമായും അപ്പൊസ്തലനായ പൗലൊസിലൂടെ തന്റെ ലേഖനങ്ങളിൽ സംസാരിച്ചു. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മുഖ്യമായും പത്രൊസും അവന്റെ എല്ലാ കൂട്ടാളികളും എടുക്കേണ്ടി വന്നു, എന്നാൽ ഇന്ന് നാം വളരെയധികം എടുക്കേണ്ടതുണ്ട്. നാം നാല് സുവിശേഷങ്ങളിൽനിന്നും പ്രത്യേകിച്ച് അപ്പൊസ്തലനായ പൗലൊസിന്റെ പതിന്നാല് ലേഖനങ്ങളിൽനിന്നും കർത്താവിന്റെ വാക്കുകൾ എടുക്കണം. പുതിയനിയമത്തിലെ ഇരുപത്തേഴ് പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള ജീവപഠന ദൂതുകൾ നൽകിയ ശേഷം, നാലു വാല്യങ്ങളായി ഞങ്ങൾ ആദ്യം പ്രസിദ്ധീകരിച്ചത് പൗലൊസിന്റെ പതിനാല് ലേഖനങ്ങളെ ആസ്പദമാക്കിയുള്ള നമ്മുടെ ജീവിപഠനങ്ങളാണ്, കാരണം ദൈവത്തിന്റെ വ്യവസ്ഥ അറിയുന്നതിന് നമുക്ക് അവന്റെ ലേഖനങ്ങൾ കൂടുതൽ നിർണായകമാണെന്ന് ഞങ്ങൾ പരിഗണിക്കുന്നു.

കർത്താവായ യേശുവിനെ അവന്റെ ഭൗമിക ശുശ്രൂഷയിൽ നാം അറിയണമെങ്കിൽ നമുക്ക് തീർച്ചയായും നാല് സുവിശേഷങ്ങൾ ആവശ്യമാണ്. അവന്റെ ജനനം, യൗവനം, ഈ ഭൂമിയിലെ അവന്റെ ജീവിതവും ശുശ്രൂഷയും, അവന്റെ മരണം, പുനരുത്ഥാനം, അവന്റെ ആരോഹണം എന്നിവ അറിയാൻ, നാല് സുവിശേഷങ്ങളിലെ രേഖ നാം എടുക്കേണ്ടതുണ്ട്. എന്നാൽ ക്രിസ്തുവിന്റെ ശരീരത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ നിർവചനം, പൂർണ്ണമായ വെളിപ്പെടുത്തൽ എന്നിവ അറിയാൻ, നാം തീർച്ചയായും പൗലൊസിന്റെ പതിന്നാല് ലേഖനങ്ങൾ എടുക്കേണ്ടതുണ്ട്. നാല് സുവിശേഷങ്ങൾ നമുക്ക് തലയെ കാണിച്ചുതരുന്നു, അതേസമയം പൗലൊസിന്റെ പതിന്നാല് ലേഖനങ്ങൾ നമുക്ക് ശരീരത്തെ കാണിച്ചുതരുന്നു, കൂടുതൽ ആഴത്തിലുള്ള

രീതിയിൽ തലയെ നമുക്ക് വെളിപ്പെടുത്തുന്നു. നമ്മുടെ ജീവനായ തലയായ ക്രിസ്തുവിന്റെ നിർദ്ദേശപ്രകാരം നാം ഇന്ന് ശരീരത്തിൽ ജീവിക്കുന്നതിനാൽ, ഈ പതിനാല് ലേഖനങ്ങൾ നമുക്ക് കൂടുതൽ നിർണായകമാണ്.

എല്ലാ ദിവസവും പകുതി ദിവസം വചനത്തിൽ ചെലവഴിക്കുവാൻ തായ്വാനിലെ പുതിയ മുഴുവൻസമയ പ്രവർത്തകരോട് ഞാൻ ആജ്ഞാപിച്ചു. ഇത് നിർബന്ധമാണ്. ഗ്രാമങ്ങളിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോഴും, ദിവസത്തിന്റെ ആദ്യ പകുതി അവർ ഒരുമിച്ച് വചനത്തിനായി പ്രാർഥിച്ചു. അവർ അവരുടെ ജീവപഠനങ്ങൾ പോലും കൊണ്ടുവന്നു. അവരുടെ സമയക്രമം അനുസരിച്ച് അവർ എപ്പോഴും പതിവായി വചനം പഠിക്കുന്നു. ഈ ചെറുപ്പക്കാർക്ക് വചനത്തിന്റെ മതിയായ സംരചന ഇല്ലെങ്കിൽ, അവർ എത്ര പ്രാർഥിച്ചാലും മറ്റുള്ളവർക്ക് മുന്നിൽ അവതരിപ്പിക്കുവാൻ അവർക്ക് ഒന്നുമില്ല. എന്നാൽ തായ്വാനിലെ മുഴുവൻസമയ ജീവനക്കാർ വായ് തുറക്കുമ്പോൾ എന്തെങ്കിലും ഉണ്ട്, കാരണം അവർ എല്ലാ അടിക്കുറിപ്പുകളും ജീവപഠന ദൂതുകളും ഉൾക്കൊള്ളുന്ന പുതിയനിയമ പ്രത്യുദ്ധാര ഭാഷ്യം പഠിച്ചുകൊണ്ടിരിക്കുന്നു. അവർ ദിവ്യ വെളിപാടിനാൽ നിറഞ്ഞിരിക്കുന്നു. അവർ ദിവ്യവചനത്താൽ നിറഞ്ഞിരിക്കുന്നു. അവർക്ക് ധാരാളം പറയാനുണ്ട്, മറ്റ് ക്രിസ്ത്യാനികളെ കണ്ടുമുട്ടുമ്പോൾ ഇത് വളരെ ബോധ്യപ്പെടുത്തുന്നതാണ്. അവർ പ്രത്യുദ്ധാര ഭാഷ്യം തുറക്കുകയും ചില ലഘുലേഖകളും ജീവപഠനങ്ങളും കൊടുക്കുകയും ചെയ്യുന്നു; അങ്ങനെ, അനേകർ ആകർഷിക്കപ്പെടുകയും പ്രത്യുദ്ധാര ഭാഷ്യത്തിന്റെ ഒരു കോപ്പി തങ്ങൾക്കായിത്തന്നെ അവർ ആഗ്രഹിക്കുകയും ചെയ്യുന്നു.

**ഉന്നത സുവിശേഷം, സമ്പന്ന വചനം സംസാരിക്കുക**

ചെറിയ ഗ്രാമങ്ങളിലേക്ക് പോയി, മുഴുവൻസമയ പ്രവർത്തകർ മൂന്നാഴ്ചയ്ക്കുള്ളിൽ ആയിരത്തി തൊള്ളായിരത്തി എഴുപത്തഞ്ചു പേരെ സ്നാനപ്പെടുത്തി. ഇതിനുള്ള പ്രധാന കാരണം, അവർ ഉന്നതവും സമ്പന്നവുമായ വചനത്തോടുകൂടെ സുവിശേഷം പ്രസംഗിച്ചു എന്നതാണ്. വചനം പ്രവർത്തിക്കുന്നു. ഒരു കർഷകൻ ഒന്നും വിതയ്ക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ അവൻ മോശമായ വിത്ത് വിതയ്ക്കുന്നുവെങ്കിൽ, എന്തുതരം വിളവ് അവന് പ്രതീക്ഷിക്കുവാൻ കഴിയും? നാം ഉന്നത സുവിശേഷം, സമ്പന്നമായ വചനം, സംസാരിക്കണം, അത് വളരെ യുക്തിസഹവും തത്ത്വജ്ഞാനപരവുമാണ്, അത് ഈ യുഗത്തിലെ ആധുനിക യുവാക്കളുടെ ആവശ്യങ്ങൾ സന്ധിക്കുന്നു.

പൊതുവായി പറഞ്ഞാൽ, ഇന്ന് യുവാക്കൾ വളരെ തത്ത്വജ്ഞാനപരരും ശാസ്തപരരുമാണ്. ആളുകൾ കൂടുതൽ ശാസ്ത്രീയരും യുക്തിസഹരുമായിത്തീരുന്തോറും മനുഷ്യജീവിതത്തിന്റെ അർഥം അറിയുവാൻ അവർ കൂടുതൽ ആഗ്രഹിക്കുന്നു. യുഗത്തിന് മാറ്റം വന്നിരിക്കുന്നു, നൂറു വർഷം മുമ്പുള്ളതിൽനിന്ന് അത് വളരെ വ്യത്യസ്തമാണ്. മിഷനറിമാർ ചൈനയിലേക്ക് പോയപ്പോൾ, അവിടെയുള്ള ജനം വളരെ യാഥാസ്ഥിതികരായിരുന്നു. അവർക്ക് വലിയ അറിവൊന്നുമുണ്ടായിരുന്നില്ല ധാമികതയിലും ഉപജീവനത്തിനായി എന്തെങ്കിലും ചെയ്യുന്നതിലും മാത്രമേ അവർ ശ്രദ്ധിച്ചിരുന്നുള്ളൂ. എന്നാൽ ഇന്ന് ലോകമെമ്പാടുമുള്ള ആളുകൾ വളരെ വിദ്യാസമ്പന്നരായിത്തീരുകയും, വളരെ തത്ത്വജ്ഞാനപരരും യുക്തിസഹരുമാണ്. അവർ നരകത്തിലേക്കു പോകുന്ന പാപികളാണെന്നു മാത്രം നിങ്ങൾ പറയുന്നുവെങ്കിൽ ഇത് കേൾക്കുവാൻ അവർ

ഇഷ്ടപ്പെടുന്നുണ്ടാവില്ല. അവർ ഇത് കേട്ടു മടുത്തിരിക്കുന്നു. ആഴമേറിയ സത്യങ്ങളും, ഈ പ്രപഞ്ചത്തിന്റെ യഥാർഥ അർഥവും, മനുഷ്യജീവിതത്തിന്റെ യഥാർഥ അർഥവും കാരണവും അറിനാനുള്ള ഒരു ആഗ്രഹം അവരുടെ ഉള്ളിലുണ്ട്.

നമ്മുടെ സഹോദരന്മാർ ഈ രീതിയിൽ സുവിശേഷം പ്രസംഗിക്കുവാൻ പോയപ്പോൾ, അത് ആളുകളെ ബോധ്യപ്പെടുത്തി. ഗ്രാമങ്ങളിലെ ആളുകൾ പോലും മുമ്പ് ക്രിസ്തുമതത്തിന്റെ പ്രസംഗം കേട്ടിരുന്നു. അവരുടെ അഭിപ്രായമനുസരിച്ച്, ഈ പ്രസംഗം കേട്ടതിനുശേഷം, ബുദ്ധമതം പോലുള്ള മറ്റൊരു മതമായി മാത്രമേ അവർ ഇതിനെ കണക്കാക്കിയിരുന്നുള്ളൂ. അവരിൽ പലർക്കും കൺഫ്യൂഷ്യസിന്റെ തത്ത്വജ്ഞാനപരമായ ഉപദേശങ്ങൾ സ്വർഗത്തിലേക്കോ നരകത്തിലേക്കോ പോകുക എന്ന പ്രസംഗത്തേക്കാൾ വളരെ മികച്ചതാണ്. നമ്മുടെ യുവാക്കൾ അവരുടെ അടുത്തേക്ക് പോയപ്പോൾ, അവർ കോളേജ് ബിരുദധാരികളായിരുന്നതിനാൽ ഗ്രാമങ്ങളിലെ ആളുകൾക്ക് വളരെയധികം മതിപ്പുളവായി. തായ്‌വാനിലെ ഒരു ഉന്നത സർവകലാശാലയിൽനിന്ന് ബിരുദം നേടിയ ഒരാൾ അവരുടെ വീട്ടിലേക്ക് വരുമ്പോൾ അവർ തീർച്ചയായും കേൾക്കും. ഗ്രാമങ്ങളിൽ പോകുന്ന ഈ മുഴുവൻ സമയ ജീവനക്കാർക്ക് ഒരു മതിപ്പുണ്ടായിരുന്നു.

ഇന്ന് അമേരിക്ക ഈ ഭൂമിയിലെ ഏറ്റവും മികച്ച രാജ്യമാണ്. ഇന്ന് കാമ്പസുകളിലെ യുവാക്കൾ മനുഷ്യജീവിതത്തെക്കുറിച്ചും പ്രപഞ്ചത്തിന്റെ യാഥാർഥ്യത്തെക്കുറിച്ചും കൂടുതൽ അറിവ് തേടുന്നു, പക്ഷേ ഉപരിപ്ലവമായ അറിവ് അവരുടെ ഉള്ളിലെ ശൂന്യത നികത്തുകയില്ല. പ്രപഞ്ചത്തിന്റെ സത്യത്തെയും, മനുഷ്യജീവിതത്തിന്റെ യഥാർഥ അർഥത്തെയും, യഥാർഥ പ്രാധാന്യത്തെയും അറിയുവാൻ അവർ ആഗ്രഹിക്കുന്നു. അവർക്ക് ആവശ്യമുള്ളത് നമ്മുടെ പക്കലുണ്ട്. പുതിയനിയമത്തിന്റെ ശരിയായ വിവർത്തനം, വാചകം തുറക്കുന്ന അടിക്കുറിപ്പുകൾ, വിതരണത്തിനായി നിരവധി ലഘുലേഖകൾ, സംസാരിക്കുവാൻ നിരവധി സത്യങ്ങൾ എന്നിവ നമുക്കുണ്ട്. ഈ സത്യങ്ങൾ നമ്മുടെ സംരചനയായിരിക്കണം. ഈ ദിവ്യ യാഥാർഥ്യങ്ങളെല്ലാംകൊണ്ട് നാം സാന്ദ്രീകരിക്കപ്പെടുകയും കുതിർക്കപ്പെടുകയും വേണം. തുടർന്ന് നമ്മുടെ പ്രത്യുദ്ധാര ഭാഷ്യവുമായും നമ്മുടെ സഞ്ചികളിൽ ജീവപഠന ദൂതുകളുടെ അല്പം എഡിറ്റ് ചെയ്ത പതിപ്പ് ഉൾക്കൊള്ളുന്ന മഴവിൽ ചെറുപുസ്തകങ്ങളുമായും സംസാരിക്കുവാൻ നാം പുറപ്പെട്ടുപോകണം. നിങ്ങൾ ആരോടെങ്കിലും ഉന്നത സുവിശേഷം സംസാരിക്കുമ്പോൾ, ഒരു പ്രത്യേക ഘട്ടത്തിനുശേഷം അവർക്ക് ഒരു ചെറുപുസ്തകം നൽകുക. ഇത് ശരിക്കും ചിലത് അർഥമാക്കുന്നു. തന്റെ വചനത്തിന്റെ സമൃദ്ധമായ ഒരു ശേഖരം നമുക്ക് നൽകിയതിന് കർത്താവിന് നന്ദി പറയുക. ആദ്യകാല വിശ്വാസികൾ ആത്മാവിനോടുകൂടെ മാത്രമല്ല, അതിലുപരി വചനത്തോടുംകൂടെയും പുറപ്പെട്ടു. ആത്മാവ് അവനാൽത്തന്നെ വളരെ അമൂർത്തമാണ്. മറ്റുള്ളവർക്ക് ആത്മാവിനെ ശുശ്രൂഷിക്കുവാൻ നമുക്ക് കഴിയും, എന്നാൽ നമുക്ക് ആത്മാവിനെ അവതരിപ്പിക്കുവാൻ കഴിയുകയില്ല. നമുക്ക് സമഗ്രമായ രീതിയിൽ അവതരിപ്പിക്കുവാൻ കഴിയുന്നത് വചനമാണ്.

സത്യം അന്വേഷിക്കുന്ന ഒരു കൂട്ടം യെഹൂദ യുവാക്കളെ താൻ കണ്ടുമുട്ടിയതായി ഒരു സഹോദരൻ അടുത്തിടെ എന്നോടു പറഞ്ഞു. ഈ യെഹൂദ

യുവാക്കളെ ബോധ്യപ്പെടുത്തണമെങ്കിൽ, പഴയനിയമം എങ്ങനെ ഉപയോഗിക്കണമെന്ന് അവൻ അറിഞ്ഞിരിക്കണമെന്ന് ഞാൻ ആ സഹോദരനോട് പറഞ്ഞു, കാരണം അവർ അതിനെ വളരെയധികം വിലമതിക്കുന്നു. പഴയനിയമത്തെക്കുറിച്ച് വളരെ കുറച്ച് മാത്രമേ അവർക്ക് അറിയുകയുള്ളൂവെങ്കിലും അവർ അതിനെക്കുറിച്ച് പ്രശംസിക്കുന്നു. അവരെ പിടികൂടാനുള്ള ഏറ്റവും നല്ല മാർഗം അവരുടെ നിധി ഉപയോഗിക്കുക എന്നതാണ്. ആദ്യം, ഉല്പത്തി 22 തുറക്കുകയും, അബ്രാഹാമിന്റെ സന്തതിയിൽ ഭൂമിയിലെ എല്ലാ ജാതികളും അനുഗ്രഹിക്കപ്പെടുമെന്ന ദൈവത്തിന്റെ അബ്രഹാമിനോടുള്ള വാഗ്ദത്തം അവരെ വായിച്ചുകേൾപ്പിക്കുകയും ചെയ്യുക (വാ. 18; പ്ര.നി. ഉല്പ. 12:3). ഭൂമിയിലെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടുവാൻ പോകുന്ന ഈ സന്തതി ആരാണെന്ന് അവരോട് ചോദിക്കുക. നിങ്ങൾ ഈ രീതിയിൽ വേദപുസ്തകം തുറക്കുമ്പോൾ, അവർ ആകസ്മികരാകും. അപ്പോൾ അബ്രാഹാമിന്റെ ഈ സന്തതി ക്രിസ്തുവാണെന്ന് നിങ്ങൾ അവർക്ക് ഒരു വ്യാഖ്യാനം നൽകണം. മത്തായി 1-ൽ നിന്നുള്ള ഒരു ഭാഗം, അവർക്ക് വായിച്ചുകൊടുക്കുക, യേശുക്രിസ്തുവിന്റെ വംശാവലി കാണിച്ചുകൊടുക്കുക: “യേശുക്രിസ്തുവിന്റെ തലമുറയുടെ പുസ്തകം: അവൻ ദാവീദിന്റെ പുത്രൻ, അബ്രാഹാമിന്റെ പുത്രൻ; അബ്രാഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു, യിസ്ഹാക്ക് യാക്കോബിനെ ജനിപ്പിച്ചു” (വാ. 1-2). തുടർന്ന് ഗലാത്യർ 3 തുറന്ന്, ലോകം മുഴുവൻ അനുഗ്രഹിക്കപ്പെടുന്നത് ഈ ക്രിസ്തുവിലാണെന്ന് അവരെ കാണിക്കുക (വാ. 14, 16). ഈ സഹോദരൻ ഈ യഹൂദ യുവാക്കളുമായി ആഴ്ചതോറും ഈ രീതിയിൽ സത്യം പങ്കുവയ്ക്കുന്നുവെങ്കിൽ, അവർക്ക് ബോധ്യപ്പെടും. നാം ആരോടും തർക്കിക്കേണ്ട ആവശ്യമില്ല; അവർക്ക് വിശുദ്ധ വചനം തുറന്നുകൊടുക്കുക. ആളുകളെ ബോധ്യപ്പെടുത്താനുള്ള ഏറ്റവും പ്രയോജനകരമായ മാർഗം വിശുദ്ധ വചനം ഉപയോഗിക്കുക എന്നതാണ്.

ഇന്ന് ഭൂമിയിലുള്ള മിക്കവാറും എല്ലാ രാഷ്ട്രങ്ങളും തങ്ങളുടെ ആളുകളെ വിദ്യാഭ്യാസം നേടുന്നതിന് പ്രോത്സാഹിപ്പിക്കുന്നു. വിശുദ്ധ വേദപുസ്തകം എന്നു വിളിക്കപ്പെടുന്ന നിസ്തുലവും പ്രശസ്തവുമായ ഒരു പുസ്തകം ഉണ്ടെന്ന് വിദ്യാസമ്പന്നരായ എല്ലാ ആളുകൾക്കും അറിയാം. എല്ലാ തത്ത്വജ്ഞാനികളും യുക്തിസഹരുമായ വ്യക്തികൾ ഈ പുസ്തകത്തെ അറിയുവാൻ ആഗ്രഹിക്കുന്നു. ഈ പുസ്തകം സാഹിത്യമായി അറിയുവാൻപോലും അവർ ആഗ്രഹിക്കുന്നു. ഒരു വ്യക്തി വേദപുസ്തകത്തെക്കുറിച്ച് എന്തെങ്കിലും അറിയുന്നില്ലെങ്കിൽ, അയാൾ പിന്നോക്കക്കാരനായി കണക്കാക്കാം. ഒരാൾക്ക് വിദ്യാഭ്യാസം ലഭിച്ചുകഴിഞ്ഞാൽ, വേദപുസ്തകത്തെ അറിയാനുള്ള ആഗ്രഹം അയാളുടെ ഹൃദയത്തിൽ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ചിന്താശേഷിയുള്ള, വിദ്യാസമ്പന്നനായ ഒരു വ്യക്തിയുടെ അടുത്തേക്ക് പോയി ഈ പുസ്തകം എന്താണ് ഉപദേശിക്കുന്നതെന്ന് കാണിക്കുവാൻ ചില നിർണായക വാക്യങ്ങൾ തുറന്നുകൊടുക്കുന്നുവെങ്കിൽ, നിങ്ങൾ പറയുന്നത് കേൾക്കുവാൻ അവൻ സന്തോഷമുള്ളവനായിരിക്കും. വചനം അവതരിപ്പിക്കുവാൻ നിങ്ങൾ പ്രാർഥനയോടെയും ആത്മാവോടുകൂടെയും അവന്റെ അടുക്കൽ പോകണം. അപ്പോൾ വചനം ജീവനുള്ളതായിരിക്കും. നാം പ്രാർഥനയോടും ആത്മാവോടും വചനത്തോടുംകൂടെ പോകുന്നതുകൊണ്ട് തീർച്ചയായും ചിലത് സംഭവിക്കും.

ചിന്താശേഷിയുള്ള അനേകം വ്യക്തികൾ വെളിപ്പാട് പുസ്തകത്തെക്കുറിച്ച് എന്തെങ്കിലും അറിയുവാൻ ആഗ്രഹിക്കുന്നു, കാരണം അവർ ജിജ്ഞാസുക്കളാണ്. ഈ പുസ്തകത്തിൽ നിന്ന് നിങ്ങൾക്ക് അവരുമായി പങ്കിടുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങളോടുള്ള അവരുടെ താല്പര്യം നഷ്ടപ്പെടും. പുതിയനിയമത്തിന്റെ ആദ്യ വാക്യം വായിച്ചതിനുശേഷം, ചിന്താശേഷിയുള്ള ഒരു വ്യക്തി നിങ്ങളോട് "യേശുക്രിസ്തുവിന്റെ തലമുറയുടെ പുസ്തകം: അവൻ ദാവീദിന്റെ പുത്രൻ, അബ്രാഹാമിന്റെ പുത്രൻ" (മത്തായി 1:1) എന്നതിന്റെ പ്രാധാന്യം ചോദിച്ചേക്കാം. ഈ ചോദ്യം ഒരു യഥാർഥ പരീക്ഷയാണ്. നിങ്ങൾക്കറിയില്ലെന്ന് നിങ്ങൾ പറഞ്ഞാൽ, നിങ്ങൾക്ക് ഈ വ്യക്തിയെ പിടികൂടുവാൻ കഴിയുകയില്ല. യുക്തിസഹമായ ആളുകളുമായി ബന്ധപ്പെടുവാൻ പോകുമ്പോൾ നിങ്ങളോട് നിരവധി കൗതുകകരമായ ചോദ്യങ്ങൾ ചോദിക്കും, അതിനാൽ നിങ്ങളുടെ ഉള്ളിൽ സമ്പന്നമായ വചനത്തിന്റെ ഒരു നിക്ഷേപം ഉണ്ടായിരിക്കുന്നതിലൂടെ നിങ്ങൾ തയ്യാറായിരിക്കണം. നിങ്ങളുടെ ഉന്നത സുവിശേഷ പ്രസംഗം വളരെ ബോധ്യപ്പെടുത്തുന്നതായിരിക്കുമ്പോൾ, നിങ്ങൾ സംസാരിക്കുന്ന വ്യക്തിയുടെ ബഹുമാനവും ആദരവും നിങ്ങൾ നേടും. എങ്കിലും, നമ്മുടെ ലക്ഷ്യം ജനത്തിൽനിന്ന് ബഹുമാനം നേടുക എന്നതല്ല. ജനത്തിന്റെ മനസ്സിലും ഹൃദയത്തിലും വചനം വിതയ്ക്കുവാൻ നാം ആഗ്രഹിക്കുന്നു, ഒടുവിൽ പരിശുദ്ധാത്മാവ് ഈ വചനം ഉപയോഗിച്ച് അവരുടെ ആത്മാവിലേക്ക് പ്രവേശിക്കുകയും അവരെ വീണ്ടുംജനിപ്പിക്കുകയും ചെയ്യും. അതുകൊണ്ടാണ് നമുക്ക് വചനം പഠിക്കുന്നത് തികച്ചും മൂല്യവത്തായിരിക്കുന്നത്.

**പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലും ഒരുമനസ്സ് നിലനിർത്തുന്നത്**

നമ്മുടെ ഹാൾ ഒരു സ്കൂൾ സ്ഥാപിക്കുന്നതിനോ കുട്ടികളെ പരിപാലിക്കുന്നതിനുള്ള ഒരു കേന്ദ്രമായോ ഉപയോഗിക്കുന്നതിനുപകരം, വചനത്തിലും ആളുകളുമായി ബന്ധപ്പെടുന്നതിലും നാം സമയം ചെലവഴിക്കേണ്ടതുണ്ട്. ഐക്യനാടുകളിലെ പല പ്രധാന നഗരങ്ങളിലും ആയിരക്കണക്കിന് ചൈനീസ് കുടുംബങ്ങൾ നമ്മുടെ സന്ദർശനത്തിനായി തുറന്നിരിക്കും. നിരവധി സഹോദരന്മാർക്ക് ജോലിയുണ്ടെങ്കിലും, അവർക്ക് ഇപ്പോഴും വൈകുന്നേരങ്ങളും വാരാന്ത്യങ്ങളും ഈ കുടുംബങ്ങളെ വീടുതോറും സന്ദർശിക്കുവാൻ ഉപയോഗിക്കാം. വിശുദ്ധ വചനത്താൽ ഒരുക്കമുള്ളവരായും ആത്മാവിനാൽ നിറഞ്ഞും അവരെ പ്രാർഥനയിൽ സന്ദർശിക്കുന്നത് വളരെ പ്രബലമായിരിക്കും. സഭയുടെ യോഗസ്ഥലം ഒരു സ്കൂളായോ കുട്ടികളെ പരിപാലിക്കുന്നതിനുള്ള ഒരു കേന്ദ്രമായോ ഉപയോഗിക്കുന്നത് ഹാളിന് ധാരാളം സങ്കീർണതകൾ വരുത്തും. കുട്ടികളെ നിയന്ത്രിക്കേണ്ടിവരും, അവർക്കായി ഒരു കളിസ്ഥലം ഒരുക്കേണ്ടിവരും, കൂടാതെ ദിവസത്തിന്റെ വലിയൊരു ഭാഗം അവർ കൈവശപ്പെടുത്തും, അതിൽ സഭയുടെ ഉദ്ദേശ്യത്തിനായി ഹാൾ സ്വതന്ത്രമായിരിക്കയില്ല. എല്ലാ സഭകളും ഹാളിന്റെ ഓരോ ഇഞ്ചും വചനം പഠിക്കുന്നതിനും ആത്മാവിനെ സ്വീകരിക്കുന്നതിനായി പ്രാർഥനയ്ക്കും ആളുകളെ രക്ഷിക്കുന്നതിനായി ഹാളിലേക്ക് കൊണ്ടുവരണം.

ഒരുമനസ്സ് നിലനിർത്തുവാൻ, നമ്മുടെ വാഹനമോടിക്കലിനുവേണ്ടി ഒരു വഴി നാം എടുക്കണം. വാഹനമോടിക്കുവാൻ നമുക്ക് വ്യത്യസ്ത വഴികളുണ്ടെങ്കിൽ, തീർച്ചയായും നമ്മുടെ ഒരുമനസ്സ് ഏറെക്കുറെ നശിപ്പിക്കപ്പെടും.

പുതിയനിയമത്തിൽ പ്രാർഥന, ആത്മാവ്, വചനം എന്നീ മൂന്ന് കാര്യങ്ങളാൽ സംരചിക്കപ്പെടുന്ന നിസ്തുലമായ ഈ ഒരു വഴി മാത്രമേയുള്ളൂ. കാഴ്ചയിൽ, കുട്ടികളെ പരിപാലിക്കുന്നതിനുള്ള ഒരു സ്ഥലമായി ഹാൾ ഉപയോഗിക്കുന്നത് വ്യതിചലിക്കപ്പെടുന്നതോ ഭിന്നിപ്പിക്കുന്നതോ ആയ ഒന്നല്ല. എന്നാൽ കുറച്ചു കഴിയുമ്പോൾ, വളരെയധികം നൽകിയ ചില വിശുദ്ധന്മാർ ഹാൾ ആ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനോട് യോജിക്കുകയില്ല. കുട്ടികളുടെ ഉദ്ദേശ്യത്തിനായി ഇതിനകം നിശ്ചയിച്ചിട്ടുള്ള ഒരു സമയത്ത് ഒരു മീറ്റിംഗ് നടത്തണമെന്ന് ചില മൂപ്പന്മാർക്ക് തോന്നിയേക്കാം. ഇത്തരത്തിലുള്ള വിയോജിപ്പുള്ള ഫലമോ ചിന്തയോ ഉണ്ടാക്കാത്തതെല്ലാം ചെയ്യുവാൻ നാമെല്ലാവരും ശ്രമിക്കേണ്ടതുണ്ട്. പ്രാർഥനയിലൂടെ നിങ്ങൾ എന്ത് ചെയ്താലും, ആത്മാവിനെ ലഭിക്കുവാൻ നിങ്ങൾ എന്ത് ചെയ്താലും, വചനം സ്വീകരിക്കുവാൻ നിങ്ങൾ എന്ത് ചെയ്താലും, ആരും വിയോജിക്കുകയില്ല.

സുവിശേഷം പ്രസംഗിക്കുവാൻ ഒരു പ്രത്യേക തരം സംഗീതം ഉപയോഗിക്കണമെന്ന് ഒരു സഹോദരൻ നിർദ്ദേശിക്കുന്നുവെന്ന് കരുതുക. ചിലർക്ക് ഇത് നന്നായി തോന്നിയേക്കാം, എന്നാൽ മറ്റുള്ളവർക്ക് അങ്ങനെ തോന്നണമെന്നില്ല. എങ്കിലും, പ്രാർഥനയെക്കുറിച്ചും, ആത്മാവിനെക്കുറിച്ചും, വചനം എടുക്കുന്നതിനെക്കുറിച്ചും വചനം പ്രസംഗിക്കുന്നതിനെക്കുറിച്ചും ആർക്കും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിരിക്കുകയില്ല. എല്ലാവർക്കും അറിയാവുന്ന നിസ്തുലമായ മാർഗമാണിത്, കാരണം ഇത് ദൈവത്തിന്റെ നിയോഗിത മാർഗമാണ്. ഞാൻ കണ്ടുപിടിച്ചതോ പഠിപ്പിച്ചതോ ആയ രീതിയല്ല, മറിച്ച് ദൈവം കണ്ടുപിടിച്ചതും വേദപുസ്തകത്തിൽ നിയോഗിച്ചതുമായ മാർഗമാണിത്. നമ്മുടെ എല്ലാ അനുഷ്ഠാനങ്ങളിലും ഈ തത്ത്വം നാം എടുക്കേണ്ടതാവശ്യമാണ്. വചനത്താൽ നിങ്ങളുടെ അനുഷ്ഠാനത്തെ എപ്പോഴും പരിമിതപ്പെടുത്തുവാനും നിയന്ത്രിക്കുവാനും ശ്രമിക്കുക. വചനം എന്ത് പറയാതിരിക്കുന്നുവോ അതിനെ എടുക്കാതിരിക്കുന്നതാണ് നല്ലത്. പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലുമല്ലാതെ മറ്റേതെങ്കിലും വിധത്തിൽ സുവിശേഷം പ്രസംഗിക്കുന്നത് വ്യത്യസ്തമായ ചിന്തയ്ക്ക് കാരണമായേക്കാം.

വചനത്തിൽ അത്രമാത്രം സമയം ചെലവഴിക്കുവാൻ ആഗ്രഹിക്കാത്തതുകൊണ്ട് ആളുകൾ മറ്റൊരു വഴി എടുക്കുമായിരിക്കും. പ്രാർഥനയെയും ആത്മാവിനെയും, വചനത്തെയും കൂടാതെ എടുക്കുന്ന മറ്റേതൊരു വഴിയും സൗകര്യാർത്ഥം എടുക്കുന്ന കുറുക്കുവഴികളാണ്. ഒരു കുറുക്കുവഴി എടുക്കുന്നതിലൂടെ നമുക്ക് പൂർണ്ണമായും വിജയിക്കുവാൻ കഴിയുകയില്ല. എടുക്കാനുള്ള യഥാർഥമായ വഴി, ശരിയായ വഴി, ഏറ്റവും ലാഭകരമായ വഴി, നിസ്തുലമായ വഴിയാണ്. എന്തും ചെയ്യുന്നതിലുള്ള നിസ്തുലമായ വഴി ദൈവത്തിന്റെ നിയോഗിത തത്ത്വമാണ്. മുഴുവൻ പ്രപഞ്ചവും സ്രഷ്ടാവായ ദൈവത്താൽ സ്ഥാപിക്കപ്പെട്ട തത്ത്വങ്ങളാൽ നിറഞ്ഞിരിക്കുന്നു. നിങ്ങൾ വിവാഹിതനാകുവാൻ പോകുന്നുവെങ്കിൽ, ദൈവത്തിന്റെ നിയോഗിത മാർഗമായ ഒരു ഭർത്താവും ഒരു ഭാര്യയും എന്ന വിവാഹ തത്ത്വം നിങ്ങൾ എടുക്കണം (മത്താ. 19:3-9). നിങ്ങൾ ഒരു കുറുക്കുവഴി സ്വീകരിക്കുന്നുവെങ്കിൽ, നിങ്ങൾ കുഴപ്പത്തിലാകും. നമ്മുടെ ലോകത്തിലും പ്രപഞ്ചത്തിലും നിരവധി ദൈവനിയോഗിത തത്ത്വങ്ങളുണ്ട്. ഈ ദൈവ നിയോഗിത തത്ത്വങ്ങളെല്ലാം ശാസ്ത്രം വാസ്തവത്തിൽ കണ്ടെത്തുന്നു.

സുവിശേഷം പ്രസംഗിക്കുന്നതിനോ സഭയെ മുന്നോട്ട് കൊണ്ടുപോകുന്നതിനോ മറ്റ് വഴികൾ ഉപയോഗിക്കുന്നത് ലാഭകരമായിരിക്കാം, എന്നാൽ അത് കുറുക്കുവഴിയാണ്. കുറുക്കുവഴിക്ക് എല്ലായ്പോഴും ചില പാർശ്വഫലങ്ങൾ ഉണ്ടായിരിക്കും. ശരിയായ വഴിക്ക് മാത്രമേ ഒരിക്കലും പാർശ്വഫലങ്ങൾ ഇല്ലാതിരിക്കുകയുള്ളൂ. ദോഷകരമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും മരുന്ന് പുറത്തിറക്കാതിരിക്കുവാൻ മികച്ച മെഡിക്കൽ ഡോക്ടർമാർ ശ്രദ്ധിക്കുന്നു. അതുകൊണ്ട്, സുവിശേഷമോ സഭാജീവിതമോ മുന്നോട്ട് കൊണ്ടുപോകാൻ പ്രാർഥന, ആത്മാവ്, വചനം എന്നിവയല്ലാതെ മറ്റൊന്നും ഉപയോഗിക്കരുത്. അല്ലാത്തപക്ഷം, യഥാർഥ ഒരുമനസ്സിനെ തകർക്കുന്ന ഭിന്നത പോലുള്ള ചില പാർശ്വഫലങ്ങൾക്ക് നാം തയ്യാറായിരിക്കണം.

**വചനത്തിൽ അദ്ധ്വാനിക്കുകയും, പ്രാർഥനയിൽ അദ്ധ്വാനിക്കുകയും,**

**പരിശുദ്ധാത്മാവുമായി ഇടപെടുന്നതിൽ ഉത്സാഹമുള്ളവരായിരിക്കുകയും ചെയ്യുക**

യഥാർഥ മാർഗം എടുക്കുന്നത് വളരെ വിചിത്രമായി തോന്നിയേക്കാം. അതിന് സമയവും ക്ഷമയും ആവശ്യമാണ്; നാം പരിശ്രമിക്കുകയും അദ്ധ്വാനിക്കുകയും വേണം. നമുക്ക് വചനത്തിലും പ്രാർഥനയിലും അദ്ധ്വാനിക്കാം, പരിശുദ്ധാത്മാവുമായി ഇടപെടുന്നതിൽ നമുക്ക് ഉത്സാഹമുള്ളവരായിരിക്കാം. ഇത് മൂല്യവത്താണ്. വചനത്തിലേക്ക് പ്രവേശിക്കുവാൻ നാം ധാരാളം സമയം ചെലവഴിക്കേണ്ടതുണ്ട്; നാം വിശുദ്ധ വചനത്താൽ സാന്ദ്രീകരിക്കപ്പെടുകയും, സംരചിക്കപ്പെടുകയും, കുതിർക്കപ്പെടുകയും പോലും വേണം. കർത്താവുമായുള്ള നമ്മുടെ സമ്പർക്കത്താൽ നാം നമ്മെത്തന്നെ സംരചിക്കേണ്ടതാവശ്യമാണ്. നാം ദിവസവും മണിക്കൂറുതോറും അവനെ ബന്ധപ്പെടണം; അപ്പോൾ നാം ശരിയായ വ്യക്തിയായിരിക്കും.

1958-ൽ ബില്ലി ഗ്രഹാമിന്റെ പ്രസംഗം കേൾക്കുവാൻ ഞാൻ സാൻ ഫ്രാൻസിസ്കോയിലെ കൗ പാലസിൽ പോയിരുന്നു. ഡോ. ഗ്രഹാം തന്റെ സമയത്തിന്റെ ഏറിയ സമയവും മുട്ടുകുത്തി പ്രാർഥിക്കുമായിരുന്നുവെന്ന് ചിലർ എന്നോടു പറഞ്ഞു. അതായിരുന്നു അദ്ദേഹത്തിന്റെ പ്രഭാവത്തിന്റെ ഉറവിടം. തന്റെ പ്രസംഗത്തിൽ അദ്ദേഹം വചനം നിലവിലെ ലോകസാഹചര്യത്തിൽ പ്രയോഗിച്ച രീതിയെ ഞാൻ പ്രശംസിച്ചു. അദ്ദേഹത്തിന് വചനത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലായിരുന്നെങ്കിൽ, വചനം പഠിക്കുവാൻ വേണ്ടത്ര സമയം അദ്ദേഹം ചെലവഴിച്ചിരുന്നില്ലെങ്കിൽ, ഇത്രയധികം പര്യാപ്തതയോടും സുബോധത്തോടുകൂടെ അദ്ദേഹത്തിന് ഒരിക്കലും ഇന്നത്തെ ലോകസാഹചര്യത്തോട് വചനത്തെ ബാധകമാക്കുവാൻ കഴിയുമായിരുന്നില്ല. നാമെല്ലാവരും വിശുദ്ധ വചനത്തിൽ സമയം ചെലവഴിക്കേണ്ടതാവശ്യമാണ്.

സുവിശേഷം പ്രസംഗിക്കുവാൻ നിങ്ങൾക്ക് ഭാരമുണ്ടെങ്കിൽ, നിങ്ങൾ വചനത്തിലേക്ക് കടക്കുകയും വചനം അറിയുന്ന ഒരാളായിരിക്കുകയും വേണം. ഒരു വ്യക്തി ഒരു ബാങ്കിന്റെ മാനേജരോ കോളേജ് പ്രൊഫസറോ ആയിരിക്കാം, എന്നാൽ അപ്പോഴും അവൻ വചനത്തിൽ സമയം ചെലവഴിക്കണം. ഒരു പ്രൊഫസർക്ക് ധാരാളം കാര്യങ്ങൾ അറിയാമായിരിക്കാം, എന്നാൽ ദൈവം അദ്ദേഹത്തോട് തന്റെ പഠനങ്ങളെ ആളുകൾക്ക് മുന്നിൽ അവതരിപ്പിക്കുവാൻ ആവശ്യപ്പെടുന്നില്ല. നിങ്ങൾ ആളുകളുമായി ബന്ധപ്പെടുവാൻ പോകണമെങ്കിൽ, നിങ്ങൾ വിശുദ്ധ വചനം അറിയേണ്ടതാവശ്യമാണ്. തുടർന്ന് ജീവനുള്ള

കർത്താവിനെ ബന്ധപ്പെടുന്നതിന് പ്രാർഥിക്കുവാൻ നിങ്ങളുടെ ലഭ്യമായ എല്ലാ സമയവും ഉപയോഗിക്കുക.

**നമ്മുടെ മുഴുവൻ ആളത്തത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരാനും ഉള്ളിലും പുറത്തും ആത്മാവിന്റെ നിറവുള്ള, ശക്തിയുള്ള ഒരു വ്യക്തിയായിത്തീരുവാൻ അവനാൽ ഇടപെടപ്പെടുവാനും കർത്താവിനോട് ആവശ്യപ്പെടുന്നു**

നിങ്ങൾക്ക് ശക്തി തരുവാൻ ദൈവത്തോട് വെറുതെ അപേക്ഷിക്കരുത്; ശക്തി നിങ്ങൾക്കായി കാത്തിരിക്കുന്നു. കർത്താവിനാൽ നിങ്ങൾ വെടിപ്പാക്കപ്പെടുകയും, കൈകാര്യം ചെയ്യപ്പെടുകയും, നിർമലീകരിക്കപ്പെടുകയും, അനുശാസിക്കപ്പെടുകയും, പ്രഹരിക്കപ്പെടുകയും വേണം. ഏതെങ്കിലും മൂപ്പനോ സഹോദരനോ നിങ്ങളുടെ ആന്തരിക ആളത്തത്തോട് ഇടപെടാനോ ശുദ്ധീകരിക്കാനോ കഴിയുയില്ല. കർത്താവിന് മാത്രമേ നിങ്ങളോട് നേരിട്ട് ഇടപെടാൻ കഴിയുകയുള്ളൂ. നിങ്ങളുടെ ആളത്തത്തിൽ നിങ്ങൾ എല്ലാ ദിവസവും അവന് വഴിയൊരുക്കേണ്ടതാവശ്യമാണ്. നാം ഇടയ്ക്കിടെ കൈകൾ കഴുകേണ്ടതാവശ്യമാണെന്നപോലെ, നാം പലപ്പോഴും കർത്താവിനാൽ ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. സുവിശേഷം കൈകാര്യം ചെയ്യുന്നത് ഏറ്റവും വിശുദ്ധമായ ഒരു കാര്യമാണ്. അഴുക്കായ കൈകൾകൊണ്ട് ആർക്കും ഇത് ഒരിക്കലും ചെയ്യുവാൻ കഴിയുകയില്ല. നമ്മോട് ഇടപെടുന്നതിനും നമ്മെ പ്രകാശിപ്പിക്കുന്നതിനും, നമ്മോട് ഇടപെടുന്നതിനും, പരിശോധിക്കപ്പെടുന്നതിനും, താഴ്മയുള്ളവരാക്കപ്പെടുന്നതിനുമായി നാം കർത്താവിലേക്ക് വന്ന് നമ്മുടെ മുഴുവൻ ആളത്തത്തെയും അവന് തുറന്നുകൊടുക്കണം. ഇത്തരത്തിലുള്ള പ്രാർഥനയിൽനിന്നും ശക്തി വരുന്നു.

ശക്തിക്കായി നാം വെറുതെ പ്രാർഥിക്കരുത്. നിങ്ങളാൽ വിനിയോഗിക്കപ്പെടുവാൻ ശക്തി അവിടെയുണ്ട്, എന്നാൽ നിങ്ങൾ ആരാണ്, നിങ്ങൾ എന്താണ്, നിങ്ങൾ എവിടെയാണ്? നിങ്ങൾ അഴുക്കുള്ളവരായിരിക്കാം, ഒരിക്കലും കൈകാര്യം ചെയ്യപ്പെടാത്തവനും, അഹങ്കാരിയും, മറ്റുള്ളവരെ വിമർശിക്കുന്നവനും, നിങ്ങളുടെ ഭാര്യയെ വ്രണപ്പെടുത്തുന്നവനും, മൂപ്പന്മാരെ നിന്ദിക്കുന്നവനും, സഭയ്ക്കെതിരെ മത്സരിക്കുന്നവനും ആയിരിക്കാം. ഈ വിധത്തിൽ നിങ്ങൾ ദുർബലനായിരിക്കാമെങ്കിലും അപ്പോഴും സുവിശേഷത്തിനുവേണ്ടി തീക്ഷ്ണതയുള്ളവനായിരിക്കാം. നിങ്ങൾ ഇത്തരത്തിലുള്ള ഒരു വ്യക്തിയാണെങ്കിൽ സുവിശേഷം പ്രസംഗിക്കുന്നതിന് നിങ്ങൾ ഒരു പ്രബലനായിരിക്കുവാൻ കഴിയുകയില്ല. പ്രബലനായ ഒരുവനായിരിക്കുവാൻ നിങ്ങൾ പോകുന്നുവെങ്കിൽ, നിങ്ങളെത്തന്നെ ക്രമീകരിക്കുവാനും, വെടിപ്പാക്കപ്പെടുവാനും, പ്രകാശിപ്പിക്കപ്പെടുവാനും, തുറന്നുകാട്ടപ്പെടുവാനും, മനുഷ്യന്റെ വാക്കുകളാലല്ല, മറിച്ച് കർത്താവിന്റെ ആത്മാവിനാൽ ശാസിക്കപ്പെടുവാനും നിങ്ങൾ എല്ലാ ദിവസവും കർത്താവിന്റെ അടുക്കൽ പോകേണ്ടതാവശ്യമാണ്, നിങ്ങൾ പ്രാർഥിക്കുന്നില്ലെങ്കിൽ കർത്താവിന് നിങ്ങളോട് ഇടപെടുവാൻ അവസരമില്ല.

നിങ്ങൾ പ്രാർഥിക്കുമ്പോൾ, നിങ്ങളുടെ ജോലിയിലോ മറ്റ് കാര്യങ്ങളിലോ വ്യാപൃതരാകരുത്. സുവിശേഷ പ്രസംഗത്തിൽപോലും വ്യാപൃതരാകരുത്. നിങ്ങൾ പൂർണ്ണമായും സ്വതന്ത്രനും കർത്താവിനോട് തുറന്നവനുമായി നിങ്ങളെത്തന്നെ നിലനിർത്തണം. കർത്താവിന് നിങ്ങളെത്തന്നെ തുറന്നുകൊടുക്കുക. നിങ്ങളോട്

സംസാരിക്കുവാനും, നിങ്ങളെ പ്രകാശിപ്പിക്കുവാനും, നിങ്ങളുടെ എല്ലാ കുറവുകളും, പാപകരവും, തിന്മയും, അശുദ്ധവുമായ ചിന്തകളും ചൂണ്ടിക്കാണിക്കുവാനും കുറഞ്ഞത് പത്ത് മിനിറ്റെങ്കിലും അവൻ കടന്നുവരട്ടെ. നിങ്ങളുടെ യഥാർഥ അവസ്ഥയുടെ പൂർണ്ണവും പരമവുമായ വെളിപ്പെടുത്തലിനായി നിങ്ങളുടെ മുഴുവൻ ആളത്തത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ അവനോട് ആവശ്യപ്പെടുക. ഇത്തരത്തിലുള്ള പ്രാർഥന നിങ്ങളെ വിജയിപ്പിക്കും. നിങ്ങൾ ശക്തനാണെന്ന് നടിക്കേണ്ടതില്ല. വെടിപ്പാക്കപ്പെട്ടവനും ശിക്ഷിക്കപ്പെട്ടവനുമായ ഒരു വ്യക്തി എന്ന നിലയിൽ, നിങ്ങൾ വായ് തുറക്കുമ്പോൾ, ഓരോ വാക്കും ശക്തിയുള്ള ഒരു വാക്കായിരിക്കും. നിങ്ങളുടെ വായിൽനിന്ന് വരുന്നതെന്തും ശക്തമായിരിക്കും. നിങ്ങളുടെ ശബ്ദംപോലും ശക്തമായിരിക്കും, കാരണം നിങ്ങളുടെ വ്യക്തി ശക്തിയായിരിക്കും. നിങ്ങളുടെ പ്രാർഥനയിലൂടെ നിങ്ങൾ വെടിപ്പാക്കുന്നവനാൽ സാന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതിനാൽ ഇത് സംഭവിക്കും.

നിങ്ങളെ വെടിപ്പാക്കുന്നവൻ തന്നെയാണ് നിങ്ങളെ നിർമലീകരിക്കുകയും സാന്ദ്രീകരിക്കുകയും ചെയ്യുന്നത്. ഒരു വ്യക്തി കർത്താവിനാൽ സാന്ദ്രീകരിക്കപ്പെടുമ്പോൾ, ആ വ്യക്തി ശക്തനാക്കപ്പെടും. അതുകൊണ്ടാണ് ഒരാൾ സംസാരിക്കുന്ന ഒരു വാക്ക് ശക്തമായിരിക്കുന്നതും, മറ്റൊരാൾ സംസാരിക്കുന്ന അതേ വാക്ക് ഒന്നുമല്ലാതിരിക്കുന്നതും. പ്രാർഥന നിങ്ങളുടെ വ്യക്തിയാക്കുന്നു. പ്രാർഥന നിങ്ങളെ മറ്റൊരു വ്യക്തിയാക്കുന്നു, ശക്തിയുള്ള ഒരു വ്യക്തിയാക്കുന്നു. അങ്ങനെയുള്ള ഒരു പ്രാർഥനാ വ്യക്തി ഉള്ളിലും പുറത്തും ആത്മാവിനാൽ നിറഞ്ഞവനായിരിക്കും.

ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ശക്തിയും ദിവ്യ വെളിപാടും നിറഞ്ഞ ഒരു വ്യക്തിയായി നിങ്ങൾ മറ്റുള്ളവരെ ബന്ധപ്പെടുവാൻ പോകുമ്പോൾ, അവിടെ സ്വാധീനം ഉണ്ടായിരിക്കും. നിങ്ങൾ പോകുമ്പോൾ, നിങ്ങളെ പിന്തുണയ്ക്കുന്ന നിസ്തുലമായ ഒരുമനസ്സ് നിങ്ങൾക്കുണ്ടായിരിക്കണം. നിങ്ങൾ സഭയുമായി ഒന്നായിരിക്കുകയും, നിങ്ങളുടെ കൂട്ടുവേലക്കാരുമായി ഒന്നായിരിക്കുകയും, എല്ലാ സഹോദരന്മാരുമായും ഒന്നായിരിക്കുകയും, എല്ലാ സഹോദരിമാരുമായും ഒന്നായിരിക്കുകയും വേണം. നിങ്ങൾ കർത്താവുമായി ഗൗരവമുള്ളവരായിരിക്കണം. നിങ്ങൾ ഇങ്ങനെയുള്ള ഒരു വ്യക്തിയാണെങ്കിൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നിങ്ങളുടെ സ്വന്തമായും നിങ്ങൾക്കായിത്തന്നെയും ഒന്നും ചെയ്യാതിരിക്കുകയുമാണെങ്കിൽ, പ്രഭാവം തീർച്ചയായും ഉണ്ടായിരിക്കും.

## ജനത്തിന് അവതരിപ്പിക്കുവാൻ ഉന്നതമായ ചിലത് ഉണ്ടായിരിക്കുന്നത്

ഏകദേശം അറുപത് വയസ്സുള്ളപ്പോൾ അല്പം മാത്രം ഇംഗ്ലീഷ് സംസാരിക്കുവാൻ അറിയാവുന്നവനായാണ് ഞാൻ അമേരിക്കയിൽ വന്നത്. എന്നാൽ, ഈ രാജ്യത്ത് വന്ന ആദ്യ ദിവസം മുതൽ, എന്റെ ഇംഗ്ലീഷ് നല്ലതല്ലാതിരിക്കുകയും, എന്റെ സംസാരം വാക്ചാതുര്യമില്ലാത്തായിരിക്കുകയും ചെയ്തിട്ടും ഞാൻ ഏറെക്കുറെ ശക്തനാക്കപ്പെട്ടിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. D.L.മൂഡിക്ക് ഉന്നത വിദ്യാഭ്യാസം ഇല്ലായിരുന്നു. സുവിശേഷം പ്രസംഗിക്കുവാൻ കർത്താവ് അദ്ദേഹത്തെ വിളിച്ചപ്പോൾ അദ്ദേഹം ഒരു ചെരുപ്പു കടയിൽ അമ്മാവനെ സഹായിക്കുകയായിരുന്നു. ഒരിക്കൽ, ഒരു വലിയ

കൂട്ടത്തോട് പ്രസംഗിച്ച ശേഷം, അദ്ദേഹത്തിന്റെ വ്യാകരണം തെറ്റാണെന്ന് ഒരു പണ്ഡിതൻ അദ്ദേഹത്തോട് പറഞ്ഞു. തന്റെ ശരിയായ വ്യാകരണവുമായി പ്രസംഗിക്കുവാൻ പോകുവാനും തുടർന്ന് എന്ത് പുറത്തുവരുമെന്ന് നോക്കാനും മൂഡി ആ വ്യക്തിയോട് തുറന്നു പറഞ്ഞു. ശക്തി, പ്രഭാവം, ശരിയായ വ്യാകരണത്തിലല്ല. അത് നിങ്ങൾ എന്തു തരം വ്യക്തിയാണെന്നതിലും നിങ്ങൾ ജനത്തിന് എന്ത് അവതരിപ്പിക്കുന്നുവെന്നതിലുമാണുള്ളത്. ജനം ശരിയായ വ്യാകരണം ആഗ്രഹിക്കുന്നില്ല. അവർ ശരിയായ കാര്യം ആഗ്രഹിക്കുന്നു. അവർ ജീവൻ ആഗ്രഹിക്കുന്നു. അവർ ക്രിസ്തുവിനെ ആഗ്രഹിക്കുന്നു. അവർ രക്ഷയുടെ യാഥാർഥ്യം ആഗ്രഹിക്കുന്നു.

വർഷങ്ങളിലുടനീളം എന്നോടുകൂടെയുള്ള പ്രഭാവം പ്രാർഥനയിലും, ആത്മാവിലും, വചനത്തിലുമാണ്. ഞാൻ പാടുന്നതിൽ അത്ര വൈദഗ്ധ്യമുള്ളവനല്ലെങ്കിലും, കർത്താവിന്റെ കരുണയാൽ, നിരവധി നല്ല സ്തുതിഗീതങ്ങൾ ഞാൻ രചിച്ചിട്ടുണ്ട്. അവയിൽ ഒന്നായ, "ഓ തേജോമയനാം ക്രിസ്തു, എന്റെ രക്ഷകൻ" എന്ന നമ്മുടെ സ്തുതിഗീതത്തിലെ #501-ാം നമ്പർ സ്തുതിഗീതം, ഇത് ചൈനീസ് ഭാഷയിൽ വളരെ മികച്ചതാണ്, കാരണം മിക്കവാറും എല്ലാ വരികളും കാവ്യാത്മകമാണ്. അടുത്തിടെ, ഞാൻ ഒരു പ്രദേശത്ത് ഒരു കർത്തൃമേശ യോഗത്തിലായിരുന്നു, ആ യോഗത്തിൽ പാടിയ എല്ലാ സ്തുതിഗീതങ്ങളും ഞാൻ എഴുതിയതായിരുന്നു. ഞാൻ എഴുതാത്തത് "ഒന്നാണ് നിന്നോട്, ഒന്നാണ് നിന്നോട്" എന്ന കോറസുള്ള സ്തുതിഗീതമാണ് (സ്തുതിഗീതങ്ങൾ, #474). എന്റെ ശുശ്രൂഷയാൽ സംരചിക്കപ്പെട്ട ഒരു സഹോദരിയാണ് ഈ സ്തുതിഗീതം പൂർണ്ണമായും എഴുതിയത്. നമ്മുടെ ഇപ്പോഴത്തെ സ്തുതിഗീതത്തിൽ നിന്ന് നാം ഉപയോഗിക്കാത്ത എല്ലാ നിലവാരമില്ലാത്ത സ്തുതിഗീതങ്ങളും ഒഴിവാക്കി, നമുക്ക് ഒരു പുതിയ സ്തുതിഗീതം ആവശ്യമാണെന്ന് എന്നെ ബോധ്യപ്പെടുത്തുന്നതിനുള്ള മറ്റൊരു ഘടകമായിരുന്നു ഇത്. അമ്പത് വർഷങ്ങൾക്ക് മുമ്പ്, ബ്രദറൻ എഴുതിയ "ഓ കർത്താവേ, ഞങ്ങൾ നിനക്കു നന്ദി പറയുന്നു" എന്ന സ്തുതിഗീതം #226 എനിക്ക് ഒരു നിധിയായിരുന്നു. എന്നാൽ ഇന്ന് ഈ നിധിക്ക് അതിന്റെ നിറവും രുചിയും നഷ്ടപ്പെട്ടിരിക്കുന്നു. ഇത് വളരെ നല്ല ഒരു സ്തുതിഗീതമാണ്, എന്നാൽ അത് അത്ര സമ്പന്നമല്ല. അത് സ്തുതിഗീതം #132 പോലെ സമ്പന്നമല്ല—"യേശു സ്വർഗ്ഗേ ഇരിക്കുന്നു / കർത്തൻ ക്രിസ്തു സിംഹാസനേ." ഈ സ്തുതിഗീതത്തിന്റെ 6-ാം ഖണ്ഡം പ്രത്യേകിച്ചും സമ്പന്നമാണ്:

സ്വർഗേ വാഴ്ത്തപ്പെട്ടവനോട്

സഭ ഒന്നാകുന്നു

ഈ യേശുവിൻ ആത്മാവിനാൽ

അംഗങ്ങൾ വളരുന്നു

നമ്മൾ പുറപ്പെട്ടുപോകുമ്പോൾ, ജനത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ നമുക്ക് ഉന്നതമായ ചിലത് ഉണ്ടായിരിക്കണം എന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇതുകൊണ്ടാണ് എതിർപ്പിനാൽ ഞാൻ അലട്ടപ്പെടാതിരിക്കുന്നത്. എണ്ണ വിൽക്കുന്ന ഒരാളായി ഞാൻ എന്നെത്തന്നെ കണക്കാക്കുന്നു (മത്താ. 25:9). നിങ്ങൾക്ക് എണ്ണ വാങ്ങണമെങ്കിൽ, എന്റെ അടുക്കൽ വരിക. എന്റെ ഇംഗ്ലീഷ്

വാക്ചാതുര്യമുള്ളതോ വ്യാകരണപരമോ ആയിരിക്കയില്ല, എന്നാൽ എണ്ണയും ദിവ്യ സമ്പത്തും ഈ ശുശ്രൂഷയിൽ ഉണ്ട്. ഞാൻ പ്രശംസിക്കുകയല്ല, മറിച്ച് വചനത്തിലേക്ക് കടക്കാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. പ്രാർഥന, ആത്മാവ്, വചനം എന്നീ നിസ്തുലമായ മാർഗം എടുക്കുക. മറ്റൊന്നും ചിന്തിക്കരുത്, ഒരു തന്ത്രവും ഉപയോഗിക്കരുത്. നിങ്ങളെത്തന്നെ സംരചിക്കപ്പെട്ടവരും യോഗ്യരാക്കപ്പെട്ടവരും സജ്ജരാക്കപ്പെട്ടവരുമാക്കുക. തുടർന്ന് വചനം അവതരിപ്പിച്ചുകൊണ്ട് ആത്മാവിനോടുകൂടെ നിങ്ങളുടെ പ്രാർഥനയിൽ പുറപ്പെട്ടുപോകുക. അനേകർക്ക് ബോധ്യപ്പെടും. മനുഷ്യജീവിതത്തിന്റെ യാഥാർഥ്യം എന്താണെന്ന് തങ്ങൾക്ക് പറഞ്ഞുതരാൻ കഴിയുന്ന ഒരാളെ കേൾക്കുവാൻ അന്വേഷകരായ ആളുകൾ ആകാംക്ഷയുള്ളവരാണ്. ഇതാണ് അവർക്ക് വേണ്ടത്, ഇതാണ് നമുക്കുള്ളത്. കർത്താവ് നമുക്ക് കാണിച്ചുതന്ന ദിവ്യസത്യങ്ങൾ ആവശ്യക്കാർക്ക് അവതരിപ്പിക്കുവാൻ നമുക്ക് ധാരാളം വിശുദ്ധന്മാർ ആവശ്യമാണ്. പ്രാർഥനയും, ആത്മാവും, വചനവും ഇല്ലാത്ത മറ്റൊരു മാർഗം സ്വീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാതിരിക്കുക. മറ്റേതൊരു മാർഗവും വിയോജിപ്പിനും ഭിന്നതയ്ക്കും ഇടയാക്കും. (*The Collected Works of Witness Lee, 1986,* vol. 1, “Elders’ Training, Book 7: One Accord for the Lord’s Move,” pp. 85-95).